R16-4

32, 3
32 K4
3140

3140
OL

# N.V.K.S.D. COLLEGE OF EDUCATION

ATTOOR

LIBRARY DATE SLIP

032,3

Acc. No. 3140 Cl. No. 32K4

This Book should be returned on or before the last date marked below

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

3140

അഴുക്കുചാൽ

അഴുക്കുചാൽ

THE N.V.K.S.D. TEACHERS' COLLEGE, ATTOOR.
LIBRARY
BOOK
No...............

NVKSD COL EDU
Acc.No : 3140

N.V.K.S.P. Teachers' Coll

(Malayalam)

# AZHUKKUCHAL

NOVEL

**Pavumpa
P. Padmanabhan**

First Published 1964 April

Publishers
B. K. M. BOOK DEPOT,
CHAMPAKULAM.

Printed at the M. M. Press,
Champakulam.

Copy right reserved by the publishers

**Price Re. 1**

# അഴുക്കുചാൽ

നോവൽ

പാവുമ്പാ പി. പത്മനാഭൻ

ബി. കെ. എം. പ്രസിദ്ധീകരണം.

വില 1 ക.

THE V.K.G.D. TEACHERS' COLLEGE ATTOOR.
LIBRARY BOOK
No. 3140

# അഴകളചാൽ

ജീവിതത്തിൻെറ ഇതളുകൾ ഇറുത്തെടുത്തു് നിരത്തിവയ്ക്കുന്നു.

ഇതളുകൾ...ജീവിതം ഒരു പൂവാണോ?

അതെ. ഒരു പൂവാണു്.

വെള്ളത്താമര...?

അല്ല.

റോസാ...?

അല്ല.

മുല്ല...?

അല്ല.

പിന്നെ, ഓ, ഓമ്മവരുന്നു.

ഒരുവേരൻെറ പൂവു്.

മണമില്ലാത്ത,

നിറമില്ലാത്ത,

ഗുണമില്ലാത്ത,

നാറുന്ന ഒരുവേരൻെറ പൂവ്. (നിങ്ങളിൽ ചിലർ അതിനെ തീട്ടപ്പെരുമരത്തിൻെറ പൂവെന്നും വിളിക്കും)

വീടിൻെറ പടിഞ്ഞാറുവശമുള്ള റോഡിൻെറ പടിഞ്ഞാറെ പുരയിടത്തിൽ അവനെ കാണാം.

ഗ്രാമത്തിലെ പൊതുകക്കൂസാണാപുരയിടം. ഒററവേരിൽ വളൎന്നുനില്ക്കുന്ന ഒരുവേരൻെറ മറവ് മനുഷ്യർ ഉപയോഗപ്പെടുത്തുന്നു.

മനുഷ്യർ മാത്രമാണോ?

അല്ല.

പട്ടിയും, പൂച്ചയും, കന്നുകാലികളും അവിടം കക്കൂസായി ഉപയോഗിക്കുന്നു. അതിൻെറ മണമേററു വളരുന്ന അവന് മറെറന്തു മണമാണുണ്ടാവുക?

വെറുപ്പും, അറപ്പും ഉളവാക്കുന്ന വിസർജ്ജനവസ്തുവിൻെറ മണം.

എൻെറ ജീവിതപുഷ്പത്തിന്റെ ഓരോ ഇതളുകളിലും.ആ മണം പററിപ്പിടിച്ചുനില്ക്കുന്നു.

ഒരുവേരൻെറ തണ്ടിലും, ഇലയിലും ആരും തൊടില്ല. അതിനു അസഹ്യമായ ദുൎഗ്ഗന്ധമുണ്ട്.

എങ്കിലും അതിൻ പൂവുണ്ടാകുന്നു. വൃത്തികെട്ട പൂക്കൾ.

അറപ്പും, വെറുപ്പും ഉളവാക്കുന്ന പൂക്കൾ.

ആ പൂക്കളുടെ ഓരോ ഇതളുകളിലും ദുർഗ്ഗന്ധം മററിത്തഴച്ചുനില്ക്കുന്നു.

അതുപോലെ,

3140



എൻെറ ജീവിതപുഷ്പത്തിൻെറ ഓരോ ഇതളുകളിലും അറപ്പും വെറുപ്പും ഉളവാക്കുന്ന ദുർഗ്ഗന്ധം പററിപ്പിടിച്ചുനില്ക്കുന്നു.

അഴുക്കുചാലിൽ,

ദുർഗ്ഗന്ധംവമിക്കുന്ന അഴുക്കുചാലിൽ.കിടന്നു വളന്നു. വിരിഞ്ഞ പുഷ്പത്തിൻെറ ഇതളുകളിലെല്ലാം......

ഇനിയെങ്കിലും വിടരുന്ന ഇതളുകറം മണമുള്ളതാകണമെന്നു് ആഗ്രഹിച്ചു. ഭംഗിയുള്ളതാകണമെന്നാഗ്രഹിച്ചു.

ഞാനല്ല.

നിങ്ങറം.

സുഹൃത്തേ, നിങ്ങളാണതാഗ്രഹിച്ചതു്. (അല്ലെങ്കിൽ വീണ്ടും ഞാൻ ചളിക്കുണ്ടിലേക്കുതന്നെ പതിക്കുമായിരുന്നില്ലല്ലോ.)

നിങ്ങളെന്നെ സ്വച്ഛഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഗുണവും മണവുമുള്ള മണ്ണിൽ നട്ടു. സ്നേഹത്തിൻെറ മധുരമുള്ള മുന്തിരിച്ചാറൊഴിച്ചുതന്നു.

എനിക്കു വളരാൻ.

എന്നിട്ടോ......?

നിങ്ങളെപ്പോലും എൻെറ പുഷ്പത്തിന്റെ വിരിഞ്ഞ ഇതറം മലീമസമാക്കി. അതിന്റെ ദുർഗ്ഗന്ധം നിങ്ങളെ, നിങ്ങളെപ്പോലും......

നിങ്ങളെന്തിനാണെന്നെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോയതു്?

ഞാനീ അഴുക്കുചാലിൽത്തന്നെ വീണടിഞ്ഞുകിടന്നാൽ മതിയായിരുന്നു.

അന്നു്,

ആരും തൊടാനറയ്ക്കുന്ന,

പേരുപോലും കേട്ടാൽ ചെവിപൊത്തുന്ന,

ആരും കാണാനാഗ്രഹിക്കാത്ത,

അവിശുദ്ധതയുടെ കൊടുമുടിയിൽ ജീവിച്ച എന്നെ നിങ്ങൾ പിടിച്ചിറക്കിക്കൊണ്ടുപോയി.

പരിശുദ്ധതയുടെ പളുങ്കുപാത്രത്തിൽ നിങ്ങളെനിക്കു ഇരിക്കാൻ സ്ഥലംതന്നു.

എന്റെ ജീവിതപുഷ്പത്തിൽ വിടരുന്ന ഇതളുകൾ,

മണമുള്ളതായിക്കാണാൻ,

ഗുണമുള്ളതായിക്കാണാൻ,

നിങ്ങളാഗ്രഹിച്ചു.

നിങ്ങൾ...നിങ്ങൾമാത്രം അതാഗ്രഹിച്ചു.

ഒരു കാലത്തു്,

മണമുള്ള ഇതളുകളേ ആ പുഷ്പത്തിൽ വിരിഞ്ഞിരുന്നുള്ളു.

അന്നതാരും പിച്ചി തലയിൽവെയ്ക്കാൻ കൊതിച്ചിരുന്നു. (അന്നും നിങ്ങൾ എന്റെ സുഹൃത്തായിരുന്നു.)

ഇന്നും.

അതുകൊണ്ടാണല്ലോ നിങ്ങളെന്നെ അവിടേക്കു കൂട്ടിക്കൊണ്ടുപോയതു്.



ആ പഴയ കാലത്തിലേക്കു് എന്നെ തിരിച്ചുനടത്താൻ കഴിയുമെന്നു് നിങ്ങൾ വിശ്വസിച്ചു.

ആ പഴയകാലം ഇനി തിരിച്ചുവരാൻ പോകുന്നില്ല.

വീണടിഞ്ഞുകിടന്ന ആ ഇതളുകളുടെ ശവമഞ്ചത്തിൽ ചവിട്ടിക്കൊണ്ടാണു് ഞാൻ അഴുക്കുചാലിലേക്കു് കുതിച്ചതു്; ആർത്തിയോടുകൂടി.

അവിടെ എനിക്കെല്ലാം കണ്ടെത്താൻ കഴിഞ്ഞു. എന്റെ സ്വർഗ്ഗഭൂമിയായിരുന്നു അവിടം. അവിടെത്തന്നെ കുടുങ്ങിക്കിടക്കാനേ എനിക്കു കഴിയൂ.

ഇതാ, അതിപ്പോൾ വീണ്ടും ബോദ്ധ്യമായിരിക്കുന്നു.

എനിക്കു മാത്രമല്ല, നിങ്ങൾക്കും.

ഞാനവിടേക്കുതന്നെ തിരിച്ചുപോകുന്നു. നിങ്ങൾ എന്നെ എവിടെനിന്നു കൂട്ടിക്കൊണ്ടുവന്നോ, അവിടേക്കുതന്നെ. (ഓ, ഞാനവിടെത്തന്നെ ചെന്നുചേർന്നു കഴിഞ്ഞിരിക്കുന്നു)

ഇവിടമാണെനിക്കു വളരാനുള്ള സ്ഥലം.

എന്റെ ജീവിതപുഷ്പത്തിന്റെ ഇതളുകൾ വിരിയാനുള്ള വളക്കൂറുള്ള മണ്ണു് ഇവിടെയാണു്.

പരിശുദ്ധിയുടെ ശ്രീകോവിലിൽ നിവസിച്ചിരുന്ന ഞാനെങ്ങിനെ ഇവിടേയ്ക്കു് നിപതിച്ചു എന്നു് നിങ്ങളത്ഭുതപ്പെടുന്നുണ്ടാവും.

എനിക്കു് ഇവിടെ ദുർഗ്ഗന്ധം അനുഭവപ്പെടുന്നില്ല മണം; മധുരിക്കുന്ന മണമാണെനിക്കനുഭവപ്പെടുന്നതു്.

വീണ്ടും ഇവിടേക്കുതന്നെ ഞാനെങ്ങിനെ വന്നുചേ ൪ന്നു എന്നു് നിങ്ങൾക്കാലോചിക്കാൻ കഴിയുന്നില്ലേ?

ആലോചിച്ചുനോക്കൂ. എല്ലാം നിങ്ങൾക്കറിവുള്ള താണ്. അതെല്ലാംകൂടി കോർത്തിണക്കി ഒന്നു പരിശോ ധിച്ചു നോക്കൂ. നിങ്ങൾക്കെല്ലാം മനസ്സിലാകും.

നിങ്ങൾക്കതൊക്കെക്കൂടി ആലോചിക്കാൻ പ്രയാ സം കാണും. എങ്കിൽ ഒന്നുകൂടി നിങ്ങളെ ഞാനതോ ൪മ്മിപ്പിക്കുന്നു.

പത്തിയുള്ള സുന്ദരനായ ഒരു സർപ്പം. അതിനെ എല്ലാവക്കും സ്നേഹമായിരുന്നു. എല്ലാവക്കും അതിനെ ഭയമായിരുന്നു. ആരുടേയും മുമ്പിൽ തലകുനിക്കാതെ എല്ലാവരുടേയും ആരാധനാപാത്രമായി അതങ്ങിനെ മു ന്നോട്ടുനടന്നു.

കറുത്ത കീരികൾ അവനെകണ്ടു. നാട്ടുമ്പുറത്തുകാ രായ കറുത്ത കീരികൾക്കവൻെറടുക്കൽ അടുക്കാൻ ഭയ മായിരുന്നു.

അവസാനം;
ഒരു ചെങ്കീരി വന്നു.
ചുവന്ന നിറമുള്ള,
പ്രകാശം വിതറുന്ന കണ്ണുകളുള്ള,
ചുണ്ടിൽ മുന്തിരിച്ചാറു പതഞ്ഞുനില്ക്കുന്ന,
ചെങ്കീരി!

അതിനു പേടിയൊന്നുമുണ്ടായിരുന്നില്ല. അതവ ൻെറ തലയെ ലക്ഷ്യമാക്കി ചാടി. സർപ്പത്തിന്റെ പ



ത്തിതാണുപോയി. പത്തിയിൽ കയറിനിന്നു് ചെങ്കീ രി നൃത്തമാടി.

THE V. K. S. D. TEACHERS' COLLEGE, OTTOOR. LIBRARY BOOK No..........

ചെങ്കീരി.
ചുവന്ന നിറമുള്ള,
പ്രകാശം വിതറുന്ന കണ്ണുകളുള്ള,
ചുണ്ടിൽ മുന്തിരിച്ചാറു പതഞ്ഞുനില്ക്കുന്ന,
ചെങ്കീരി!!

അതിനെ അവൻ കൗതുകപൂർവ്വം നോക്കിനിന്നു.

അതിവിടൊക്കെയുള്ള കറുത്ത കീരികളെപ്പോലെ യല്ല.

സിങ്കപ്പൂരിൽനിന്നും വന്ന ചുവന്ന കീരിയാണ്.

പണ്ടു് അതും ഈ നാട്ടിൻപുറത്തു ജീവിച്ചിരുന്നു.

ഇപ്പോൾ,
സിങ്കപ്പൂരിൽപോയിട്ടു് തിരികെവന്നപ്പോൾ,
അതിനൊന്തൊരുനിറം.
നോക്കുമ്പോൾ കണ്ണു മങ്ങിപ്പോകുന്നു.

അതിൻെറ അഴകൊഴുകുന്ന മുഴുത്ത അവയവങ്ങ ളിൽ അവൻെറ കണ്ണു് പാറിക്കളിച്ചു. പ്രകാശം വിത റുന്ന കണ്ണുകളിൽ അവനു് സൂക്ഷിച്ചുനോക്കാൻ കഴി ഞ്ഞില്ല.

പ്രകാശംവിതറുന്ന കണ്ണുകൾകൊണ്ടു് ആ കീരി അവൻെറചുററും കളംകെട്ടി. ആ കളത്തിനുവെളിയി ലിറങ്ങുവാനുള്ള ശക്തി അവനുണ്ടായിരുന്നില്ല.

അവൻ ആ കീരിയോട്ട് അടുത്തുനിന്നു. മുന്തി
പ്പഴംപോലെ തുടുത്ത ചുണ്ടുകൾ അവൻെറ ചുണ്ടുകളേ
ടുത്തപ്പോൾ അവൻ തട്ടിമാററിയില്ല. കീഴ്ച്ചുണ്ടുക
കടിച്ചൂറി. നിറച്ചും മുന്തിരിനീർ.

ഹാ!

അവൻെറ ഹൃദയത്തിലേക്കതൊഴുകിയിറങ്ങി. അ
വൻ ഉന്മത്തനായി.

മുന്തിരിനീരിൻെറ ലഹരിയിൽ അവൻ തന്നെ
ത്തന്നെ മറന്നുപോയി.

"അനിയൻ സിഗററവലിക്കില്ലേ?"

ചെങ്കീരി ചോദിച്ചു.

"ഇല്ല"

"വലിക്കണം. അല്ലെങ്കിൽ വാനാറും"

അവൻെറ വായവൾക്കനാറുന്നു. അതവനാക്ഷേ
പമാണ്.

ഇന്നുവരെ അവൻ സിഗററവലിച്ചിട്ടില്ല. അതു
വലിക്കരുതെന്ന് പലരോടും ഉപദേശിച്ചിട്ടുണ്ട്. വിദേ
ശികൾ കൊണ്ടുവന്നതാണതു്. ദേശസ്നേഹമുള്ളവരാരു
അതുപയോഗിക്കരുതു്; അവൻ പ്രസംഗിച്ചിട്ടുണ്ട്. അ
തിനു മാതൃക തൻെറ ജീവിതത്തിൽക്കൂടിത്തന്നെ അ
വൻ കാണിച്ചുകൊടുത്തു.

ഇന്നുവരെ സിഗററവലിച്ചിട്ടില്ല. അതു വലിക്കാ
തിരുന്നതുകൊണ്ട് ഒരസുഖവും അവനനുഭവപ്പെട്ടിട്ടില്ല.

ചിലപ്പോഴൊക്കെ കൊതിതോന്നിയിട്ടുണ്ട്, ഒരു



സിഗററവലിക്കാൻ. അതിൻെറ പുകവലിച്ച് ആ
കാശത്തിലേക്കു പറത്തിവിടുന്നതൊരുരസമാണ്.

'പാടില്ല'

ഹൃദയം വിലക്കും.

'നീ മാതൃകാപുരുഷനാണ്'

മാതൃകാപുരുഷനായിത്തന്നെ വളന്നു.

ഇപ്പോൾ,

പ്രകാശം വിതറുന്ന കണ്ണുകളുള്ള,

ചുവന്ന നിറമുള്ള,

ചുണ്ടിൽ മുന്തിരിച്ചാറു പതഞ്ഞു നില്ക്കുന്ന,

ചെങ്കീരി പറയുന്നു.

"അനിയൻ സിഗററു വലിക്കണം"

മറെറാന്നിനുമല്ല. വാ നാറാതിരിക്കാൻ.

അതൊരു നല്ല കാര്യമാണ്.

വാ, നാറാതിരിക്കണം.

അതിനുവേണ്ടിയാണ് രാവിലെ ടൂത്ത്പേസ്റ്റും കൊണ്ടും വൈകിട്ടു പഴുത്ത മാവിലകൊണ്ടും പല്ലുതേയ്ക്കുന്നതു്.

എന്നിട്ടും വാ നാറുന്നു.

അതിനു പ്രതിവിധി?

"സിഗററു വലിക്കണം"

അതൊരാജ്ഞയായിരുന്നോ?

അവൾ സിഗറെറെടുത്തു നീട്ടി. കത്രികയുടെ അ
ടയാളമുള്ള സിഗററു്,

അവളുടെ കയ്യിൽ സിഗററ് സ്റ്റോക്കുണ്ട്. അവളും സിഗററ് വലിക്കുമായിരിക്കും. അതുകൊണ്ടായിരിക്കണം അവളുടെ വാ നാറാത്തത്.

അതു വാങ്ങി ചുണ്ടിൽവച്ചു.

അവൾ മറെറാരു സിഗററെറടുത്തിട്ടു പറഞ്ഞു. "സിഗററ് വായിലോട്ടു തള്ളിവയ്ക്കരുത്. ചുണ്ടിൽ വെച്ചാൽമതി. ഇങ്ങനെ" അവൾ കാണിച്ചുതന്നു.

അവൾ കാണിച്ചു തന്നതുപോലെ സിഗററ് ചുണ്ടിൽ മുട്ടിച്ചുവച്ചു.

ചുണ്ടിൽ വെച്ചസിഗററിൽ അവൾ തീ കൊളുത്തിത്തന്നു.

അവൾ കാണിച്ചുതന്നതുപോലെ സിഗററ് ചുണ്ടിൽ മുട്ടിച്ചുവച്ചു.

സിഗറററിൻെറ പുക ഉള്ളിൽ ചെന്നപ്പോൾ ചുമച്ചു.

അവൾക്കു ചിരിവന്നു.

സിഗററിൻെറ ചുവട്ട് തുപ്പൽ പുരണ്ടുനനഞ്ഞു.

അവളുടെ സിഗറററിൻെറ തുമ്പിൽ നോക്കി. ഒരു തുള്ളിതുപ്പൽ പോലും പുരണ്ടിട്ടില്ല.

രാജനും, ഗോപാലകൃഷ്ണനുമൊക്കെ സിഗററ് വലിക്കുന്നതുപോലെ അവളും വലിക്കുന്നു. അവളതിൽ പ്രാക്ടീസു നേടിക്കഴിഞ്ഞിരിക്കുന്നു.

അവളുടെ സിഗററ് ഇനിയും പകുതിയിലേറെ എരിഞ്ഞുതീരാനുണ്ട്. തൻേറത്ത് പകുതിയിൽ കൂടുതൽ എരിഞ്ഞുതീർന്നു. വേഗം വലിച്ചതുകൊണ്ടാണ്. ബാക്കിയുള്ളത് നനഞ്ഞുകുതിർന്നു. പുകയില വായിലേക്കു തിർന്നുവീണു.



അതെടുത്ത് നിലത്തെറിഞ്ഞു.

"ഇതാ, ഇവിടെ" അവൾ ആഷ്ട്രേ ചൂണ്ടിക്കാണിച്ചുതന്നു. നിലത്തുവീണ സിഗററെറടുത്ത് അതിലിട്ടു.

തുപ്പൽ പുരളാതെ സിഗററ് വലിക്കാൻ പഠിക്കണം. അടുത്ത പ്രാവശ്യം ഇവിടേയ്ക്കു വരുമ്പോഴേയ്ക്കും അതിനുള്ള പ്രാക്ടീസ് നേടിക്കഴിഞ്ഞിരിക്കണം; മനസ്സിൽ വിചാരിച്ചു.

അവൾക്ക് കടുത്ത ഉഷ്ണംതോന്നി. സാരിത്തുമ്പുകൊണ്ട് വീശിനോക്കി. അതുകൊണ്ടു തൃപ്തിപ്പെടാതെ സാരിയും ബ്ലൗസും ഉരിഞ്ഞുകളഞ്ഞു. സില്ക്കുതുണികൊണ്ടുള്ള അടിപ്പാവാട കൊഴുത്തുരുണ്ട തുടയ്ക്ക് തെന്നിക്കിടന്നു.

അടുത്തിരുന്നുകൊണ്ടവൾ കുലുങ്ങിച്ചിരിച്ചു.

മാറത്ത് ഉരുണ്ടുകൂടിനിന്ന മുലകളുടെ കറുത്തമുലക്കണ്ണുകളിലായിരുന്നു കണ്ണുകൾ.

... ... ... ... ...

... ... ... ... ...

നല്ലതുപോലെ കിതയ്ക്കുന്നുണ്ടായിരുന്നു.

"എന്താ ക്ഷീണിച്ചുപോയോ?"

"... ... ... ... ..."

"ആദ്യമാണോ?"

"ഉം"

"ആണുങ്ങളായാൽ സന്യാസിമാരെപ്പോലെ ജീവിക്കാൻ പഠിച്ചാൽ പോരാ"

പിന്നെ...?

സന്യാസിയായിട്ടുതന്നെ ജീവിക്കണമെന്നാണുദ്ദേശിച്ചിരുന്നതു്.

അല്ലെങ്കിൽ!

ഭവാനിയുടെകാര്യം ഓൎത്തുപോകുന്നു. റിഹേർസൽ ക്യാമ്പിൽവച്ചു്...താനെഴുതിയ നാടകത്തിലെ പ്രധാന നടിയായിരുന്നു അവൾ. ഇടയ്ക്കു് റിഹേർസൽ നിൎത്തി എല്ലാവരും വീടുകളിലേക്കുപോയി. മാനേജരുടെ നിർദ്ദേശപ്രകാരം ഭവാനിമാത്രം പോയില്ല. അവൾ ക്യാമ്പിൽ താമസിച്ചു. മാനേജർ പുറത്തെവിടെയോ പോയി. തൻെറ മുറിയിലിരുന്നു് നാടകത്തിൻെറ അവസാനരംഗത്തെപ്പററി ആലോചിക്കുകയായിരുന്നു.

ശക്തിയേറിയൊരു നെടുവീർപ്പുകേട്ടാണു തിരിഞ്ഞുനോക്കിയതു്.

പുറകിൽ ഭവാനിനില്ക്കുന്നു.

യുവത്വത്തിൻെറ ശ്രീകോവിലിൽ പൂത്തുനില്ക്കുന്ന ഒരു പൂമൊട്ടു്. അവൾ എന്തിനാണു വന്നു നില്ക്കുന്നതു്?

അവൾ വിയൎക്കുന്നുണ്ടായിരുന്നു.

ഹൃദയം പതറുകയായിരുന്നു.

പാടില്ല.

ഒരു നാടകക്കാരിയുടെ മുമ്പിൽ പതറുവാൻ പാടില്ല.



രൂക്ഷമായി അവളെനോക്കി.

"എന്തുവേണം?"

അവളുടെ സാരിത്തുമ്പു് ദേഹത്തുമുട്ടി. അവൾ കസേരയോടുചേൎന്നുനിന്നു.

അവൾക്കു് ദാഹിക്കുന്നുണ്ടായിരുന്നു. ഭയങ്കരമായി അവളുടെ ഹൃദയം വിശക്കുന്നുണ്ടായിരുന്നു. ദാഹനീർ കിട്ടുവാൻവേണ്ടി ആ ചുണ്ടുകൾ കേണു.

"തൻെറ മുറിയിൽ പോയിരിക്കൂ"

തൻെറ ശബ്ദത്തിൻെറ മുഴക്കം കേട്ടവൾ പേടിച്ചുപോയി. ദയനീയമായി ഒന്നുനോക്കിയിട്ടു അവളകത്തേക്കു നടന്നുപോയി.

വേണമായിരുന്നെങ്കിൽ അന്നു്...അന്നു് താൻ ആദർശപുരുഷനായിരുന്നു.

കറുത്ത കീരിയുടെ മുമ്പിൽ ബലഹീനനായില്ല. കറുത്തകീരി ഭയപ്പെടുന്നതുകണ്ടു് ഉള്ളിൽ ചിരിച്ചു.

അവിഹിതമായ സ്ത്രീപുരുഷബന്ധങ്ങളെ ആവോളം എതിൎത്തു.

"ആദർശസമ്പന്നൻ" എല്ലാവരും പറഞ്ഞു.

"ആ കൊച്ചൻ പെണ്ണുങ്ങളുടെ മുഖത്തുപോലും നോക്കത്തില്ല" തള്ളമാർ പറഞ്ഞു.

തന്നെ എല്ലാവരും ബഹുമാനിക്കുന്നു. തന്നെക്കൊണ്ടു ഒരു ചീത്തവാക്കുപോലും കൂട്ടുകാർ പറയുകയില്ല.

ഇപ്പോൾ ആ ജീവിതം തെററാണെന്നു പറയുന്നു.

"ആണുങ്ങളായാൽ സന്യാസിമാരെപ്പോലെ ജീവിക്കാൻ പഠിച്ചാൽപോരാ"

ആ ജീവിതം ശരിയായിരുന്നോ?

അതുമാത്രമാണ ശരിയെന്ന് അന്ന് വിശ്വസിച്ചു.

ചൂടുള്ള മാംസത്തിൻെറ മണമേല്ക്കാൻ അന്നും ആഗ്രഹിച്ചിട്ടുണ്ട്.

അവസരമുണ്ടാകുമ്പോൾ ഒഴിഞ്ഞുമാറിക്കളയും. ഭീതിയായിരുന്നു ഹൃദയത്തിൽ. ആരെങ്കിലും അറിഞ്ഞാലോ?

ആ പേടിയായിരുന്നില്ലേ തന്നെ സന്യാസിവര്യനായി ജീവിക്കാൻ പ്രേരിപ്പിച്ച പ്രേരകശക്തി?

ആയിരുന്നു. പക്ഷെ അതെങ്ങും സമ്മതിച്ചുകൊടുത്തിട്ടില്ലെന്നുമാത്രം.

ഇപ്പോൾ ആ ജീവിതം തെററായിരുന്നെന്നു പറയുന്നു അവൾ.

കിതയ്ക്കുകയായിരുന്നു. ക്ഷണിച്ചുതളന്ന് അവളുടെ ശരീരത്തോട് പററിപ്പിടിച്ചു കിടന്നു.

"അനിയൻ കുടിക്കുമോ?"

"ഇല്ല"

"കുടിക്കണം. എങ്കിലേ ഇതിനൊക്കെ ഒരു രസം തോന്നൂ"

അവളെഴുന്നേററുപോയി. ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കട്ടിലിൽ അനങ്ങാതെ കിടന്നു.

കിടക്കയിൽ നിറയെ മുല്ലപ്പൂക്കൾ വിരിച്ചിരുന്നു. അതിനു നല്ല മണമാണ്.



പടിഞ്ഞാറുവശത്തുള്ള തോട്ടത്തിൽ നില്ക്കുന്ന മാവിൽ മുല്ലപടന്നു കിടപ്പുണ്ട്. അതിൽനിന്നും ഇറുത്തെടുത്തതാണീ പൂക്കൾ.

മുറിയിലെ ഇലക്ട്രിക് ലൈററിൻെറ വെളിച്ചം ജനാലയിൽക്കൂടി വെളിയിലേയ്ക്ക് ഇറങ്ങിക്കിടന്നിരുന്നു.

ജനാലയ്ക്കൽത്തന്നെ റോസാച്ചെടികൾ നില്പുണ്ട്. അതിൽ പൂക്കൾ വിരിഞ്ഞുതുടങ്ങിയിരിക്കുന്നു.

തെന്നലിൽ അതിൻെറ മണം മുറിയിലേക്കിഴഞ്ഞു കയറി.

ഭിത്തിയിൽ തൂങ്ങുന്ന വലിയ ക്ലോക്ക് ശബ്ദിച്ചുകൊണ്ടിരുന്നു. അതിൽനോക്കി. മണിപതിനൊന്നു പതിനഞ്ച്.

മേശപ്പുറത്തുനിറയെ പുസ്തകങ്ങൾ ചിതറികിടക്കുന്നു. അവൾക്ക് പുസ്തകങ്ങൾ വലിയ ഇഷ്ടമാണ്. കിടന്നുകൊണ്ടുതന്നെ ഒരെണ്ണം കയ്യെത്തി എടുത്ത് മറിച്ചുനോക്കി. തൻെറ ആദ്യചെറുകഥാസമാഹാരം. അതിൻെറ താളുകളിൽ പൗഡർ പുരണ്ടിരുന്നു. ഓരോ താളുകൾക്കും പോണ്ട്സ് പൗഡറിൻെറ മണം. തന്നേപ്പോലെ തൻെറ പുസ്തകത്തേയും അവൾ മണമുള്ളതാക്കുകയാണ്.

അലമാരിയിലും നിറച്ച് പുസ്തകങ്ങളാണ്. ഒററതിതനിച്ച് താമസിക്കുമ്പോൾ ധാരാളം പുസ്തകങ്ങൾ വായിച്ചുപോകും.

ആരോടാണവൾ സംസാരിക്കുന്നത്. അവളുടെ അമ്മയോടായിരിക്കണം. അവരല്ലാതെ മററാരും ഈ

വീട്ടിലില്ലല്ലോ. ഇത്രവലിയൊരു വീടാകുമ്പോൾ രണ്ടു മൂന്നു പരിചാരകരെ വയ്ക്കേണ്ടതാണ്.

പുഴുങ്ങിയമുട്ടയും, ഒരു കുപ്പിയുമായി അവൾ മടങ്ങിവന്നു. കുപ്പിയിൽ വെള്ളമണ്ണെണ്ണയാണ്. ഇലക്ട്രിക്ക് ലൈററുള്ളിടത്ത് മണ്ണെണ്ണയുടെ ആവശ്യമെന്താണ്?

കുപ്പിയിലിരുന്ന മണ്ണെണ്ണ രണ്ടു ഗ്ലാസ്സുകളിലേക്കവൾ പകൎന്നു.

"എൻെറ പ്രസവത്തിനു വാങ്ങിച്ചതാണ്. തീൎന്നു. ഇനി ഇത്രയേയുള്ളു"

ചാരായം.

അതു് ചുണ്ടിനോടടുപ്പിച്ചപ്പോൾ അതിൻെറ ഗന്ധം ഇഷ്ടപ്പെട്ടില്ല. ഗ്ലാസ്സ് കയ്യിൽ വെച്ചുകൊണ്ടിരുന്നു.

അവളതു ചുണ്ടോടടുപ്പിച്ചുതന്നു. അതിൻെറ ഗ്യാസ് നെറുകയിലേക്ക് കടന്നുവന്നു.

തികട്ടിതികട്ടിവരുന്നു.

ഛർദ്ദിക്കുമോ?

കുരുമുളകുപൊടി നുള്ളി വായിലിട്ടുതന്നു. അപ്പോഴൊരു സുഖംതോന്നി.

കുരുമുളകുപൊടിയിൽ മുക്കി പുഴുങ്ങി തോടുകളഞ്ഞ മുട്ട കടിച്ചുതിന്നു. വയർ കുത്തിയാളുന്നു. നല്ല വിശപ്പ്.

തലയ്ക്ക് പെരുപ്പുതോന്നി. അവളുടെ മുഖത്തു



നോക്കാൻ മടിയില്ല. നാണം എവിടെയോ ഓടിയൊളിച്ചു. അവളുടെ മുഖത്തുനോക്കിയപ്പോൾ ചിരിവന്നു.

ഒരു കൊച്ചുകുഞ്ഞിൻെറ വളർച്ചനോക്കിയിരുന്നാനന്ദിക്കുന്നതുപോലെ അവളാ മാററം നോക്കിയിരുന്നു.

താഴെ കുഞ്ഞുണൎന്നു കരഞ്ഞു. അതിനെ അമ്മൂമ്മ താരാട്ടുപാടിയുറക്കാൻതുടങ്ങി.

മുട്ട പകുതി കടിച്ചിട്ടവളുടെ വായിൽ വെച്ചുകൊടുത്തു. മുട്ടയും അതു പിടിച്ചിരുന്ന വിരലുംകൂടി അവൾ വായിക്കുള്ളിലാക്കി.

രണ്ടുകവിളിലും കൈവിരലമൎത്തി വാപൊളിപ്പിച്ചു് വിരലുകൾ വലിച്ചെടുത്തു.

അവൾ ചിരിച്ചു.

താനും ചിരിക്കുന്നു.

മുന്തിരിച്ചാർ പതഞ്ഞുപൊങ്ങുന്ന ചുണ്ട് കടിച്ചുതിന്നാൻ തോന്നി.

ബലമായി അവളെ പിടിച്ചടുപ്പിച്ചിട്ട് കീഴ്ചുണ്ട് കടിച്ചൂറി.

പഴുത്ത നാട്ടുമാങ്ങാ കശക്കി നീരുകുടിച്ചിട്ടു മാങ്ങായണ്ടി വായിലിട്ടുരുന്നതുപോലെ.

അവൾ ഒഴിഞ്ഞുമാറിയപ്പോൾ ബലമായിപിടിച്ചു കട്ടിലിൽ കിടത്തി.

"നല്ല കരുത്താണല്ലോ?"

"അതിപ്പഴാണോ മനസ്സിലായത്?"

തന്റെ കരുത്തവൾ അംഗീകരിച്ചിരിക്കുന്നു. പുരുഷന്റെ കരുത്തിനെ സ്ത്രീ വിലമതിച്ചിരിക്കുന്നു. അഭിമാനംതോന്നി.

ഉരുണ്ടുകൊഴുത്ത മുല വായിക്കുള്ളിലാക്കി നോവിക്കാതെ കടിച്ചു.

“അതെന്റെ മോനു കുടിക്കാനുള്ളതാ”

മറ്റേമുലയിൽ അമർത്തിയമർത്തി പിടിച്ചുകൊണ്ടു “ഇത് അവനു കൊടുത്തേരെ”

അവൾക്കു ചിരി പൊട്ടി.

സ്വർണ്ണവർണ്ണമുള്ള രോമപാളികളുള്ള അടിവയിറ്റിൽ ഉമ്മവച്ചു.

അവൾ കിക്കിളിപൂണ്ടു് ഇളകിയാടി. പുറത്തു് അവളുടെ കൈകൊണ്ടു് വരിഞ്ഞുമുറുക്കി.

“അനിയാ” അതു ചെങ്കീരിയുടെ സ്വരമല്ല. നാടൻകീരിയുടെ ശബ്ദമാണു്.

ചെങ്കീരി നാടൻകീരിയായി മാറിയിരിക്കുന്നു.

“കരളേ” സർപ്പം പത്തിവിടർത്തിയാടി. ചെങ്കീരി അടിപെട്ടിരിക്കുന്നു.

“എന്റെ പോന്നേ”

“എന്റെ കരളേ”

അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു.

ആനന്ദബാഷ്പം.

അതു് ചുണ്ടുകൾകൊണ്ടു് ഒപ്പിയെടുത്തു.



“എന്റനിയാ”

“എന്റെ കരളേ”

ഇപ്പോൾ ശരീരം രണ്ടില്ല. ഒന്നേയുള്ളു. ആണും പെണ്ണുംകൂടി ചേരുമ്പോൾ ഒരു ശരീരമേ കാണു.

പുരുഷന്റെ പകുതിയാണു സ്ത്രീ. സ്ത്രീയുടെ പകുതിയാണ് പുരുഷൻ. പകുതിയും, പകുതിയുംകൂടിച്ചേർന്നു.

അപ്പോൾ,

ബലമുള്ള,

സൗന്ദര്യമുള്ള,

ഒന്നുണ്ടായി.

അവർ ഇലക്ട്രിക് ലൈറ്റിന്റെ വെളിച്ചത്തിൽ തളർന്നുകിടന്നുറങ്ങുകയാണ്. പുരുഷൻ ഉണർന്നു. അവൻ സ്ത്രീയെ വീണ്ടും ആർത്തിയോടുകൂടി നോക്കി.

ഉരുണ്ടുകൊഴുത്തതുടകൾ,

ഉരുണ്ടുയർന്നുനില്ക്കുന്ന മാറിടം,

മുന്തിരിച്ചാറു പതഞ്ഞുപൊങ്ങുന്ന ചെഞ്ചുണ്ടുകൾ.

അവനവളെ വീണ്ടും വാരിയെടുത്തു. അവളുടെ കൈ അവന്റെ പുറത്തുവട്ടം ചുറ്റി.

“എന്റെ കരളേ”

“എന്റനിയാ”

കാക്കകൾ കരഞ്ഞു.

കിളികൾ ചിലച്ചു.

പ്രഭാതം ഓടിവരുന്നു.

അവൻെറ മുഖത്തവൾ പൗഡറിട്ടു.

ഉടുപ്പിൽ മണമുള്ള സെൻറു പുരട്ടി.

പോകാനിറങ്ങിയ അവനെ അവൾ അണച്ചുപിടിച്ചു. അവൻ ഓറഞ്ചിൻെറ നിറമുള്ള തുടുത്തകവിളുകളിൽ മുത്തമിട്ടു.

അവളും താഴത്തെ നിലയിലേക്കിറങ്ങി. മുററത്തു ചെന്നപ്പോൾ അവൾ ചോദിച്ചു.

"ഇന്നുവരുമോ"

"വരും"

മുററത്തുനിന്ന ഒരു റോസപ്പൂപിച്ചി അവനവളുടെ തലയിൽവച്ചു.

അവർ വീണ്ടും ആലിംഗനബദ്ധരായി.

അവൻ നടന്നു.

ഹൃദയത്തിൽനിറച്ചു് മന്തിരിച്ചാർ നിറഞ്ഞുനില്ക്കുന്നു. അവൾ പുരട്ടിയ സെൻ്റിൻെറ മണം അവൻെറ ചുററും ഒഴുകിവീണു. വഴിയിൽ പതുങ്ങിയിരുന്ന വെള്ളെലികൾ അവനെ സൂക്ഷിച്ചുനോക്കി.

മണമുള്ള മനുഷ്യൻ.

വെള്ളെലികൾ കൈതക്കാട്ടിലോടിക്കേറിയിരുന്നുകൊണ്ടു് അവനെ വീണ്ടും സൂക്ഷിച്ചുനോക്കി.

"അയാൾക്കെന്തു മണമാണു്!"

അവൾ പുരട്ടിയമണം.

വളരെ ചെറിയ കുപ്പിയിൽനിന്നും ഒരുതുള്ളിയേ തൊട്ടുപുരട്ടിയുള്ളു. എങ്കിലും അതിനെന്തുമണമാണു്.



അവളെപ്പോലെതന്നെ അവസാനിക്കാത്ത സുഗന്ധം.

ആ സുഗന്ധത്തിൽ മുങ്ങിമയങ്ങി അവൻ മുന്നോട്ടുനടന്നു.

ഹൃദയത്തിൽ,
ചുവന്നനിറമുള്ള,
പ്രകാശം വിതറുന്ന കണ്ണുകളുള്ള,
ചുണ്ടിൽ മന്തിരിച്ചാറുപതഞ്ഞു നില്ക്കുന്ന.
അവളായിരുന്നു നിറഞ്ഞുനിന്നിരുന്നതു്.

# രണ്ട്

പരമേശ്വരൻനായരുടെ ജോലിസ്ഥലത്തേക്കു ണ്ടികയറി. അയാൾ പലപ്പോഴും ഉപദേശിച്ചിട്ടുണ്ടു

കുടിക്കണം.

വ്യഭിചരിക്കണം.

അന്നൊക്കെ അതിനെ എതിർത്തു.

"നിന്റെ കഴിഞ്ഞുപോയ ജീവിതത്തിലേക്കൊന്നു തിരിഞ്ഞുനോക്കൂ. അവിടം വെറും മരുഭൂമിയായിരിക്കും" പരമേശ്വരൻനായർ പറയുമായിരുന്നു.

"മരുഭൂമിയാണെങ്കിലും അതിൽക്കൂടി അഴുക്കുചാൽ ഒഴുക്കിവിടാൻ ഞാനാഗ്രഹിക്കുന്നില്ല" മറുപടിപറയും.

''അഴുക്കുചാലല്ല ആനന്ദത്തിന്റെ നീരുറവ'' അയാൾ പൊട്ടിച്ചിരിച്ചുകൊണ്ടു പറയും. ''അതൊഴുക്കിവിട്ടാൽമതി''

ഒരിക്കലും അതിനോടു യോജിക്കാൻ കഴിഞ്ഞിട്ടില്ല. അയാളുടെ അഭിപ്രായത്തെ ഒരിക്കലും വകവെച്ചുകൊടുത്തിട്ടില്ല. എങ്കിലും അയാൾ കാൻതിന്നിട്ടുള്ള പെണ്ണുങ്ങളുടെ ജീവിതത്തെപ്പററി പറയുമ്പോൾ കൊതിയോടെ കേട്ടുകൊണ്ടിരുന്നിട്ടുണ്ടു്. അതൊക്കെ പരമേശ്വരൻനായർ തമാശമട്ടിലാണു പറയുന്നതു്.



തന്റെ സാഹിത്യസൃഷ്ടിക്കതൊക്കെ പ്രചോദനമരുളുമെന്നു് പരമേശ്വരൻനായർ വിശ്വസിച്ചു.

അതിനേപ്പററിയൊന്നും എഴുതാൻ കഴിഞ്ഞിട്ടില്ല. അതൊന്നും തനിക്കു് പ്രചോദനമരുളിയിട്ടില്ല.

അജഗജാന്തരമുള്ള രണ്ടഭിപ്രായഗതിക്കാർതമ്മിൽ ഒന്നിച്ചുകൂടുക പ്രയാസമുള്ള കാര്യമാണ്. എങ്കിലും പരമേശ്വരൻനായരെ വെറുക്കാൻ കഴിയുന്നില്ല. ആ മനുഷ്യനോടു് കൂടുതൽ കൂടുതൽ അടുത്തുപോകുന്നു.

കുടിക്കുന്ന,

വ്യഭിചരിക്കുന്ന,

അതൊക്കെ ഒരു കലയാക്കികൊണ്ടുനടക്കുന്ന,

പരമേശ്വരൻനായരോടു് കൂടുതൽ അടുത്തുപോകുന്നു.

കാരണമെന്താണ്? പലപ്പോഴും ആലോചിച്ചിട്ടുണ്ടു്.

നിഷ്കളങ്കവും, സുന്ദരവുമായ ആ മുഖം കാപട്യലേശമില്ലാത്ത പുഞ്ചിരിപൊഴിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഉടമയായ ഹൃദയത്തെപ്പററി ഓർത്തുപോകും. അതു് ലോലമാണ്. ലാളിക്കപ്പെടുന്നതാണ്.

ആരും കണ്ടാൽ കൊതിക്കുന്ന ആകാരസുഷമയുള്ള അയാൾ ആരേയും ആക്രമിച്ചിട്ടില്ല. എല്ലാവരും അയാളിലേക്കടുക്കുന്നു. അടുക്കുന്ന ആരേയും അയാൾ വേദനിപ്പിച്ചിട്ടില്ല.

അയാളൊരു മനുഷ്യനാണ്.

മനുഷ്യൻ!

തന്റെ മനസ്സിൽനിന്നും ആ മനുഷ്യനെ തുത്തുകള
യാൻ സാധ്യമല്ല. തന്റെ വേദനയും വിഷമവും ഒപ്പിയെ
ടുത്തിട്ടുള്ള ഒരേയൊരു മനുഷ്യൻ അയാൾ മാത്രമാണ്

ഹൃദയത്തിന് അസ്വസ്ഥതയുണ്ടാകുമ്പോഴൊക്കെ
അയാളുടെ അടുക്കലേക്കോടിയെത്തും. ആ സവിധത്തി
ൽ ചെന്നെത്തിയാൽപിന്നെ വിഷമങ്ങളൊക്കെ വിസ്മ
രിച്ചുപോകും. വേദന ഓതിയകറ്റുന്ന ഒരു മാന്ത്രികനാ
ണയാൾ. ജീവിതം തുലച്ചുകളയാനാഗ്രഹിച്ചപ്പോഴൊ
ക്കെ അയാളാണു മുമ്പോട്ടു പിടിച്ചു നടത്തിയിട്ടുള്ളതു്.

അതിനുള്ള പ്രചോദനമാണയാൾ.

കുടിക്കാത്ത,

വ്യഭിചരിക്കാത്ത,

ഒരു പരമേശ്വരൻനായരെ സങ്കല്പിച്ചു. ആ മനു
ഷ്യനെ ഈ രണ്ടു ദുർഗ്ഗുണങ്ങളിൽനിന്നും ഒഴിവാക്കിയെ
ടുക്കണമെന്നാഗ്രഹിച്ചു.

അതിനുവേണ്ടി അയാളോടുകൂടി ഏതൊക്കെ ച
ളിക്കുണ്ടിലിറങ്ങിയിട്ടില്ല? വിട്ടുപിരിയാതെ അയാളെ
പിന്തുടരുകയായിരുന്നു.

ഇപ്പോഴല്ല.

പഠിച്ചുകൊണ്ടിരിക്കുമ്പോൾ.

കള്ളുഷാപ്പിൽക്കൂടെ പോകും. ചീനിയും മീനു
തിന്നിട്ടിരിക്കുമ്പോൾ ഒരുതുള്ളി കള്ളുകുടിപ്പിക്കാൻ അ
യാൾ പാടുപെട്ടിട്ടുണ്ട്. (എന്റെ ഉദ്ദേശം നിങ്ങളെ



നന്നാക്കിയെടുക്കാനാണ്. നിങ്ങളോടൊപ്പം ഒരു കൂട്ടു
കുടിയനായിത്തീരാനല്ല ഞാനിവിടേക്കു വന്നതു്.)

സെക്കൻഷോ കാണാൻപോയ പരമേശ്വരൻനാ
യർ ഒരു പെണ്ണിനേയും കൂട്ടിക്കൊണ്ടാണ് മുറിയിൽ വ
ന്നതു്.

അഴകൊഴുകുന്ന ഒരു മധുരപ്പതിനേഴുകാരി.

പൂർണ്ണനഗ്നയായി അവൾ കട്ടിലിൽ കിടക്കുമ്പോൾ
ലൈററിട്ടിട്ടു് തന്നെ വിളിച്ചു.

പ്രായമായൊരു പെണ്ണിനെ പിറന്നപടി കാണു
ന്നതാദ്യമാണ്. അവളുടെ ദേഹത്തേയ്ക്കു് ഒന്നേ നോ
ക്കിയുള്ളു. ഞരമ്പുകളിൽ തീകോരിയിട്ടതുപോലെ. ഹൃ
ദയം അവളിലേക്കടുക്കുവാൻ ആഗ്രഹിച്ചു.

ബുദ്ധി വിലക്കി: പാടില്ല.

അതനുസരിച്ചു.

കണ്ണടച്ചുകിടന്നു.

തന്നെ പൊക്കിയെടുത്തയാൾ അവളുടെകൂടെ കിട
ത്താൻനോക്കി.

വഴങ്ങിയില്ല.

വെളുപ്പിനു് അവളവിടെനിന്നും ഇറങ്ങിപ്പോയി.

അപ്പോൾ സ്നേഹപൂർവ്വം ഉപദേശിച്ചു: "പരമേ
ശ്വരൻനായരേ, ഇതൊന്നും അത്ര നല്ലതല്ല"!

അയാൾക്കു് ചിരിവന്നു.

"ഇതൊന്നും നമ്മുടെ സംസ്കാരത്തിനു യോജിച്ച
തല്ല"

"നിൻെറ ഒരു സംസ്കാരം കൊണ്ടുപോയി ചുട്ട്
പട്ടിണി കിടന്ന ഒരു പെണ്ണിനെ വിളിച്ചു് നാലുദിവ
ത്തേക്കു് ചിലവിനുകൊടുത്തതു് തെററാണോ?"

"അതുകൊണ്ടവടെ പട്ടിണി തീർന്നോ?"

"അതു തീരുമ്പോൾ വേറൊരുത്തൻ കൊടുക്കും"

"ഇതുകൊണ്ടൊന്നും അവളുടെ പട്ടിണി തീരത്ത
ല്ല. വേശ്യകളെ സൃഷ്ടിക്കുന്നതു് ഇന്നത്തെ സാമ്പത്ത
കബന്ധങ്ങളിലുള്ള അസമത്വമാണ്. ഈ അസമത്വ
ഇല്ലാതാക്കണം. അതിനുവേണ്ടി ശ്രമിക്കൂ. പട്ടിണി
കിടക്കുന്ന അവരോട്ട് സ്നേഹമുണ്ടെങ്കിൽ അതാണുചെ
യ്യേണ്ടതു്"

"ഓഹോ, നീ പറഞ്ഞുപറഞ്ഞു് കമ്മ്യൂണിസ
പ്രസംഗിക്കാൻ തുടങ്ങുവാണോ? അതിവിടെ കേൾക്ക
ണ്ടാ. ഞാനും കുറേ ഇതൊക്കെ പഠിച്ചതാ"

"കാര്യം പറഞ്ഞാൽ അതു കമ്മ്യൂണിസമാകുമോ"

"നിൻെറ ഒരു കാര്യം. ഇതു് മററുവല്ലടത്തുംകൊ
ണ്ടുചെന്നു് വിളമ്പാൻ നോക്കു്"

അയാൾ പുതപ്പുവലിച്ചു് തലവഴി ഇട്ടുമൂടിക്കൊ
ണ്ടു് ഉറങ്ങാൻ തുടങ്ങി.

അപ്പോഴും ആത്മാർത്ഥമായി വിശ്വസിച്ചു, പരമേ
ശ്വരൻ നായരുടെ ഈ സ്വഭാവമൊക്കെ മാറും.

ഒരു പേപ്പർ വായിക്കണമെങ്കിൽ പരമേശ്വരൻ നാ
യർക്കു് രണ്ടു സിഗററു വേണം. സിഗററു വലിക്കു
ന്നതു് ആയുസ്സിനെ കുറയ്ക്കും. അതു് ക്യാൻസർ രോ
ഗത്തെ ക്ഷണിച്ചു വരുത്തുന്നു.



അതു പറയുമ്പോൾ അയാൾ പറയും. "എനിക്കാ
ധികനാൾ ജീവിച്ചിരിക്കണമെന്നില്ല. ജീവിക്കുന്നിട
ത്തോളംകാലം സുഖമായി ജീവിക്കണം"

"ആയസ്സ് ഇങ്ങനെ പുകച്ചുകളയുവാനുള്ളതല്ല"

"പുകയും, പൊടിയും നിറഞ്ഞതാണു ജീവിതം.
ഞാൻമാത്രം എന്തിനതിൽ നിന്നും ഒഴിഞ്ഞുനില്ക്കുന്നു"

"പുകയും പൊടിയും ഉണ്ടാക്കുന്നതു് നമ്മളാണ്.
അറിവുള്ള നമ്മളെപ്പോലെയുള്ള ആളുകൾ അതു ശുദ്ധി
ചെയ്തെടുക്കണം"

"നീയതിനുള്ള ഒരു അരിപ്പയുണ്ടാക്കു്"

"ഞാനും നീയുമടങ്ങുന്ന മനുഷ്യസമുദായം വേണം
അതുണ്ടാക്കാൻ"

പരമേശ്വരൻനായർ പൊട്ടിച്ചിരിച്ചു.

അയാൾക്കു് ജീവിതംതന്നെ ഒരു പൊട്ടിച്ചിരിയാ
ണ്. പൊട്ടിച്ചിരിയുടെ ലോകത്തിലാണയാൾ ജീവിക്കു
ന്നതു്. കണ്ണീരിൻേറയും, കഷ്ടപ്പാടിൻേറയും കഥക
ളെപ്പററി അയാൾക്കൊന്നും അറിഞ്ഞുകൂടാ.

ഓ, അതു തെററാണ്. അയാൾക്കു് അതിനെപ്പ
ററി അറിയാവുന്നിടത്തോളം തനിയ്ക്കറിഞ്ഞുകൂടാ. അ
തിനേപ്പററി അയാളിൽക്കൂടിമാത്രമേ താനറിഞ്ഞിട്ടുള്ളു.

അയാൾ പറഞ്ഞുതന്നിട്ടുള്ള കഥകളാണ് തൻെറ
ഹൃദയത്തിൽ ചലനങ്ങളുണ്ടാക്കിയിട്ടുള്ളതു്. അതു കേൾ
ക്കുമ്പോൾ തൻെറ ഹൃദയം വേദനിക്കും. അയാളുടെ
ഹൃദയം പൊട്ടിച്ചിരിക്കും. പൊട്ടിച്ചിരികളിൽക്കൂടി

ആ മനുഷ്യൻ വേദനയുടെ ലോകത്തെ ആനന്ദോന്മ
മാക്കുന്നു.

അയാൾ ജീവിതത്തിൻെറ താഴ്വരയിൽക്കൂടി
ടക്കുന്നു.

താൻ കൊടുമുടിയിൽക്കൂടി നടക്കുന്നു.

"ജീവിതത്തിൻെറ കൊടുമുടിയിൽക്കൂടി നട
തെ താഴ്വരയിലേക്കു ഇറങ്ങിവരൂ. നിനക്കവിടെ
നും വളരെയേറെ മനസ്സിലാക്കാൻ സാധിക്കും. അക
നിന്നു നോക്കുമ്പോൾ മനോഹരങ്ങളായി തോന്നുന്ന പ
തിനേയും അടുത്തുകാണൂ; അതിൻെറ രൂപം പൂർണ്ണമാ
നിനക്കപ്പോൾ ബോദ്ധ്യപ്പെടും. നിൻെറ സാഹിത്യ
ഷ്ടികൾക്കതൊക്കെ പ്രയോജനപ്പെടും"

പരമേശ്വരൻനായരതു പറയുമ്പോൾ താഴ്വര
ലേക്കു ഇറങ്ങിച്ചെല്ലുവാൻ മോഹംതോന്നിയിട്ടുണ്ടു്.
തിനുള്ള ധൈര്യമുണ്ടായിട്ടില്ല. അതുകൊണ്ടു് തൻെ
ഹൃദയത്തിൽ താഴ്വരയിലെ ചിത്രങ്ങളെപ്പററി രൂപ
കൊണ്ടിട്ടുള്ള രൂപങ്ങൾ അപൂർണ്ണങ്ങളാണ്.

തെളിവില്ലാത്ത ആ ചിത്രങ്ങൾ കണ്ടുകൊണ
കൊടുമുടിയിൽക്കൂടിത്തന്നെ നടന്നു.

രണ്ടുപേരും രണ്ടുവഴിയിൽ ചെന്നുചേർന്നു.

പരമേശ്വരൻനായർ ഉദ്യോഗസ്ഥനായി.

താനൊരു കമ്യൂ: പാർട്ടിപ്രവർത്തകനായിരുന്നു.

ഇപ്പോഴും പരമേശ്വരൻനായരെ വിസ്മരിക്കുവാ
കഴിയുന്നില്ല. തൻെറ പാർട്ടിക്കുള്ളിലെ ജീവിതത്തി
ഒട്ടേറെ വേദനിപ്പിക്കുന്ന അനുഭവങ്ങളുണ്ടായിട്ടുണ്ടു്.



പ്പോഴൊക്കെ അയാളുടെ അടുത്തേക്കാണു ഓടിപ്പോയി
ട്ടുള്ളതു്. അവിടെനിന്നും വേദന വിസ്മരിക്കപ്പെട്ട ഒരു
മനുഷ്യനായിട്ടാണ് തിരികെ പോന്നിട്ടുള്ളതു്. തൻെറ
ഹൃദയത്തിൻെറ വേദന ഒപ്പിയെടുക്കുവാൻ ആ മനുഷ്യ
നുമാത്രമേ കഴിയൂ.

പ്രിയപ്പെട്ട പരമേശ്വരൻനായർ,

ഇപ്പോഴും ഞാൻ നിങ്ങളുടെ അടുക്കലേക്കു വരുന്നു.

നിങ്ങൾ,

കുടിക്കരുതെന്നു്,

സിഗററുവലിക്കരുതെന്നു്,

വ്യഭിചരിക്കരുതെന്നു്,

ഉപദേശിച്ചിട്ടുള്ള അതേമനുഷ്യൻ വരുന്നു.

ഇപ്പോൾ,

ഇപ്പോളെനിക്കു് ഭേഷായിട്ടൊന്നു കുടിക്കണം. അ
തിനാണ് നിങ്ങളുടെ അടുക്കലേക്കു വരുന്നതു്.

കുടിച്ചു് വേദന വിസ്മരിക്കുവാനല്ല.

കുടിച്ചു് ആനന്ദം നുകരുവാൻ.

ആനന്ദത്തിൻെറ പരമോച്ചകോടിയിലെത്തണ
മെങ്കിൽ കുടിക്കണമെന്നു് എനിക്കിപ്പോൾ ബോദ്ധ്യ
പ്പെട്ടിരിക്കുന്നു.

ഞാൻ കുടിക്കേണ്ടതു് എന്നേപ്പോലെതന്നെ അവ
ളുടേയും ആവശ്യമാണ്. അവളുടെ ആജ്ഞ ഞാനനു
സരിക്കുന്നു.

ചുവന്നനിറമുള്ള,

പ്രകാശംവിതറുന്ന കണ്ണുകളുള്ള,

ചുണ്ടിൽ മന്ദിരിച്ചാറു പതഞ്ഞുനില്ക്കുന്ന,

ചെങ്കീരി എൻെറചുററും കളംകെട്ടിയിരിക്കുന്നു. അതിൽനിന്നും രക്ഷപെടുവാൻ എനിക്കു സാദ്ധ്യമല്ല.

ഇപ്പോഴും പത്തി ഉയർത്തിത്തന്നെയാണു ഞാൻ നടക്കുന്നതു്.

നാടൻകീരികളുടെ മുമ്പിൽ കുനിയാത്ത ആ പത്തി ചെങ്കീരിയുടെ മുമ്പിൽ താണുപോയിരിക്കുന്നു.

ചെങ്കീരി ഇപ്പോഴും എൻെറ പത്തിയിൽനിന്നു നൃത്തമാടുകയാണു്. അതിൻെറ നൃത്തത്തിൻെറ മണം എൻെറ തലയെ മത്തുപിടിപ്പിച്ചിരിക്കുന്നു.

ഉന്മത്തനായ ഞാൻ ബസ്സ്റ്റാൻറിലിറങ്ങി.

ഒരുപായ്ക്കററു് സിഗററുവാങ്ങി.

വായുടെ വാടകളയുന്ന ദിവ്യൗഷധം.

നേർമ്മയേറിയ കടലാസ്സു് കീറിക്കളഞ്ഞു് കവർതുറന്നു് സിഗററെറടുത്തു് ചുണ്ടിൽവെച്ചു. തീപ്പെട്ടി ഉരച്ചു. അണഞ്ഞുപോയി. കാററടിക്കുന്നു.

തൻെറ പരിചയമില്ലായ്മ, ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ, എന്നു നോക്കിയിട്ടു് മുന്നോട്ടുനടന്നു. ഹൈസ്ക്കൂൾമതിലിൻെറ മറവുപയോഗിച്ചു് സിഗററുകൊളുത്തി.

ശക്തിയായിവലിച്ചു് പുകഉള്ളിലെടുത്തു് മൂക്കിൽക്കൂടി പുറത്തേയ്ക്കുവിട്ടു. ചുമയ്ക്കുന്നു. ചിരിക്കാൻ അവൾ അടുത്തില്ല.



മടങ്ങിച്ചെല്ലുമ്പോഴേക്കും സിഗററുവലിയിൽ താൻ പ്രാവീണ്യം നേടിയവനായിരിക്കണം.

സിഗറററിൻെറ തുമ്പു് തുപ്പലുപുരണ്ടു നനഞ്ഞു. അതു പാടില്ലാത്തതാണു്. അതു കാണാൻ അവൾ അടുത്തില്ല.

അവളുടെ അടുത്തെത്തുമ്പോഴേക്കും തുപ്പലുപുരളാതെ സിഗററുവലിക്കാൻ പഠിച്ചുകഴിഞ്ഞിരിക്കണം.

അഞ്ചാമത്തെസിഗററെറടുത്തു് ചുണ്ടിൽ മുട്ടിച്ചുവെച്ചു. അതു് ഉരുണ്ടു് താഴെവീണു. അതെടുത്തു് വീണ്ടും ചുണ്ടിൽ തൊടുവിച്ചുവെച്ചു. തീ കൊളുത്തി.

പകുതിയിലേറെ വലിച്ചു.

ഹൈ! സിഗറററിൻെറ തുമ്പു് നനഞ്ഞിട്ടില്ല.

സിഗററും പുകച്ചുകൊണ്ടു് പരമേശ്വരൻനായരുടെ ആഫീസിലേക്കു് കയറിച്ചെന്നു. വരാന്തയിൽ കണ്ടപ്പോഴേ അയാൾ ചിരിച്ചുകൊണ്ടോടിവന്നു.

"നീ എന്നുതുടങ്ങി, ഇതൊക്കെ"

ഒന്നു പുഞ്ചിരിച്ചു.

"എന്തുണ്ടു് വിശേഷം"

"ഒന്നുമില്ല"

"നീയിവിടിരി. ഞാനിപ്പോൾ വന്നേക്കാം"

വരാന്തയിൽ കിടന്ന ബഞ്ചിലിരുന്നു. സിഗററവലിയുടെ ആശാൻപട്ടം കിട്ടിയവനെപ്പോലെ സിഗറററുതുണ്ടു് നിലത്തെറിഞ്ഞു.

നനഞ്ഞു് കുതിർന്നിട്ടില്ല.

പുകയില കത്തിന്നിട്ടില്ല.

ആശാൻ! സിഗററുവലിയുടെ ആശാനായി തീന്നിരിക്കുന്നു.

"നീ എന്നു തുടങ്ങി ഇതൊക്കെ" പരമേശ്വരൻ നായരുടെ ശബ്ദം ചെവിയിൽ മുഴങ്ങുന്നു.

അധികനാളായിട്ടില്ല.

ഇന്നലെയാണു തുടങ്ങിയതു്.

ഒരു ദിവസംകൊണ്ടു് ആശാനായിരിക്കുന്നു.

രാത്രി വെളുക്കുവോളം പാർട്ടിക്കമ്മററികളിൽ ഉറക്കമിളച്ചു് കുത്തിയിരുന്നിട്ടുണ്ടു്. ഉറക്കം ഇരച്ചുകയറി കൺപോളകൾ അടയാൻ തുടങ്ങുപ്പോൾ അടുത്തിരിക്കുന്നവർ ബീഡിയും, സിഗററും വലിച്ചുതള്ളും.

താൻ, താൻമാത്രം അതിൽനിന്നും ഒഴിവായിരിക്കും.

അടുത്തിരിക്കുന്നവർ പറയും. "ഒരു സിഗററുവലിക്കാമെങ്കിൽ ഉറക്കമങ്ങു മാറും"

നീട്ടിയ സിഗററുകളൊന്നും വാങ്ങിയിട്ടില്ല.

അവൾ നീട്ടിയപ്പോൾ അതു വാങ്ങി.

ചുവന്നനിറമുള്ള,

പ്രകാശം വിതറുന്ന കണ്ണുകളുള്ള,

ചുണ്ടിൽ മുന്തിരിച്ചാറുപതഞ്ഞു നില്ക്കുന്ന, അവൾ.

അവൾ നീട്ടിയ സിഗററു് വേണ്ടെന്നു പറയുവാൻ കഴിഞ്ഞില്ല.

അവൾ കള്ളുകുടിക്കണമെന്നാജ്ഞാപിച്ചപ്പോൾ



അതും ഇതാ അനുസരിക്കാൻ പോകുന്നു.

അവളുടെ ആജ്ഞ ലംഘിക്കുവാൻ കരുത്തില്ല.

അവൾ ചെങ്കീരിയാണു്.

താൻ ചെങ്കീരി കെട്ടിയ കളത്തിൽ കിടക്കുന്ന• സപ്പമാണ്.

പരമേശ്വരൻ നായർ ഇറങ്ങിവന്നു.

"എന്താ വീണ്ടും വീട്ടുകാരുമായി സമരം വല്ലതും പ്രഖ്യാപിച്ചോ?"

''ഇല്ല''

"പിന്നെന്താ ഇങ്ങോട്ടു്"

''വെറുതെ''

"അങ്ങനൊരു കാര്യവും ഇല്ലാതെ നീ വരുന്നപതിവില്ലല്ലോ?"

"പാർട്ടി ആഫീസിൽവരെ വരേണ്ട ഒരു കാര്യമുണ്ടായിരുന്നു"

"ഇനി ഇന്നു പോകുന്നില്ലല്ലോ"

"പോണം"

നടക്കുപ്പോൾ സിഗററു പായ്ക്കററെടുത്തു് അവന്റെ നേക്കുനീട്ടി.

"പയ്യൻ നന്നായി വരുന്ന ലക്ഷണമുണ്ടല്ലോ"

ഒന്നു ചിരിച്ചു.

ഒന്നെടുത്തു് ചുണ്ടിൽവെച്ചു. കരുതലോടുകൂടി തീപ്പെട്ടി ഉരച്ചു. അതണഞ്ഞില്ല. സിഗററു കത്തിയ്ക്കുന്ന കാര്യത്തിൽ അവന്റെ മുമ്പിൽ ചെറുതായില്ല.

"നമുക്കു് ഒരുകപ്പുകാപ്പി കുടിച്ചിട്ടു നടക്കാം" പ
മേശ്വരൻനായർ പറഞ്ഞു.

ഹോട്ടലിൽ കയറിയിരുന്നു.

"ഒരു സ്ട്രോംഗ് ടീ, ഒരു ലൈററ് ടീ"

പരമേശ്വരൻനാർ ഓർഡർചെയ്തു.

"രണ്ടും സ്ട്രോങ്ങമതി"

"നീയാളങ്ങ പുരോഗമിച്ച ലക്ഷണമുണ്ടല്ലോ?"

"ജീവിതത്തിൻെറ താഴ്വരയിൽ കൂടി നടക്കാനാണിനി ആഗ്രഹിക്കുന്നതു്"

"കൊട്ടുമുടിയിൽക്കൂടി നടന്നു മടുത്തോ?"

"മടുത്തിട്ടല്ല. എല്ലാം മനസ്സിലാക്കിയിരിക്കണമല്ലോ?"

"ആരാ നിനക്കീ ബുദ്ധി തോന്നിച്ചതു്?"

"എനിക്കു തന്നെ തോന്നിയതാ?

"എന്നാലും നിൻെറയീ വഴിത്തിരിവിനെന്തെങ്കിലും തക്കതായ കാരണം കാണും"

"ഒരു കാരണവുമില്ല"

"നീയെന്തിനാ എന്നെ ഒളിക്കുന്നെ"

"സത്യമാണു ഞാൻ പറഞ്ഞതു്" അവനെ വിശ്വസിപ്പിക്കാൻ ശ്രമിച്ചു.

അവനതു വിശ്വസിക്കാത്തതുപോലെ പറഞ്ഞു:
"എൻെറടുക്കൽ കള്ളത്തരമൊന്നും പറയണ്ടാ"

ഹോട്ടലിൽനിന്നും എഴുനേററു് റോഡിലിറങ്ങി.



"നീ ഇപ്പോൾ തന്നെ പോകുന്നോ?"

"കുറച്ചു കഴിഞ്ഞിട്ടു പോയാൽമതി"

"എന്നാൽ നമുക്കു് ക്യാമ്പിലേയ്ക്കുപോകാം"

"നമുക്കൊന്നു നടക്കാം"

"എവിടേയ്ക്കു്?"

"കള്ളുഷാപ്പിലേക്കു്?" എടുത്തടിച്ചതുപോലെ പറഞ്ഞു. ഷോക്കേററതുപോലെ അയാൾനിന്നു. അത്ഭുതസ്തബ്ധനായി നോക്കി. അയാൾക്കതു വിശ്വസമാകുന്നില്ല"

"ഞാൻ കാര്യമായിട്ടാണു പറഞ്ഞതു്?"

"എന്നാൽ കാക്ക മലന്നുപറക്കും"

"പോകാം"

പരമേശ്വരൻനായരുടെ മുഖത്തു് പുഞ്ചിരി കണ്ടില്ല. ആ മുഖം ഗൗരവപൂർണ്ണമായി.

"നിനക്കു നിർബ്ബന്ധമാണെങ്കിൽ കുറച്ചിരുട്ടട്ടെ; നമുക്കു പോകാം"

"ഇരുട്ടുമ്പോഴേക്കും എനിക്കു വീടുപിടിക്കണം"

"നീ ഈ പട്ടാപ്പകൽ ഷാപ്പിൽക്കയറി കുടിക്കുന്നതു ശരിയല്ല"

"അതെന്താ?"

"കള്ളുഷാപ്പിൽ തുലച്ചുകളയാനുള്ളതല്ല നിൻെറ ജീവിതം"

"കള്ളു കുടിക്കുന്നതു തെററാണോ?"

"എന്നു ഞാൻ പറയുന്നില്ല. പക്ഷെ കള്ളു കുടിക്കു
ന്നതു തെററാണെന്നു വിശ്വസിക്കുന്ന ഒരു ജനസമൂഹം
ഇവിടുണ്ട്. അവരുടെ അഭിപ്രായത്തെ മാനിക്കേണ്ടവ
നാണു നീ. നീ കുടിക്കുന്നതവർ കണ്ടാൽ നിനക്കെന്തൊ
ക്കെ ഗുണങ്ങളുണ്ടെങ്കിലും അവരുടെ കണ്ണിൽ പോക്രി
യും തെമ്മാടിയുമാകും. കുടിയന്മാർക്ക് കുടിയന്മാരായ ന
മ്മുടെ പൂർവ്വികന്മാർ സമ്പാദിച്ചുവച്ചിട്ടുള്ളതാണിതു്. അ
വർ കുടിച്ചിട്ട് കൂത്താടിനടന്നു. അതിന്റെ ഫലമാണ്
കുടിക്കുന്ന ആളുകളെപ്പററി ജനങ്ങൾക്കിടയിൽ തെററാ
യ ധാരണ നിലനില്ക്കുന്നതു്. നീ കുടിക്കുന്നതുകൊണ്ടു
അപകടമൊന്നും ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കു
ന്നില്ല. പക്ഷെ കുടി എന്നു പറയുന്നതുതന്നെ അപകട
മാണെന്നു ധരിച്ചുവെച്ചിരിക്കുന്ന ആളുകൾ നിന്നേയും
അപകടകാരിയായി മുദ്രയടിക്കും. അതു നിന്റെ രാഷ്ട്രീ
യഭാവിയ്ക്കു ദോഷമാണ്. ഒരു പക്ഷേ എന്നെപ്പോലും
ഭരിക്കുന്ന മന്ത്രിയായിത്തീരാനും നിനക്കു കഴിവുണ്ട്.
ആ കഴിവിന്റെ കഴുത്തിൽ കത്തിവെയ്ക്കുന്നതിനു സമ
മാണ് നീ പരസ്യമായി കുടിയ്ക്കാൻതുടങ്ങുന്നതു്".

"ഒളിച്ചുകുടിക്കാൻ ആരുടേയും മോഷ്ടിച്ചുവക
കൊണ്ടൊന്നുമല്ല ഞാൻ കുടിക്കുന്നതു്"

"നിന്റെ ശുദ്ധഗതികൊണ്ടാണീ പറയുന്നതു്.
ഒരു രാഷ്ട്രീയപ്രവർത്തകനു് പലതും മറയ്ക്കുള്ളിൽ നിന്നു
മാത്രമേ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുള്ളു. അതു മ
നസ്സിലാക്കാതെ ഈററപ്പുലിയേപ്പോലെ എടുത്തു ചാടി
മുന്നോട്ടു പോകുന്നവൻ നശിച്ചുപോകും. നീ ഇങ്ങനെ
നശിച്ചു കാണുന്നതു് എനിക്കിഷ്ടമല്ല"



പറയുന്നതു് ശരിയാണെന്നു തോന്നി.

"അതിനു് എന്നെ അറിയുന്നവരാരാണ്ടിവിടിരി
ക്കുന്നോ?"

"അറിയുന്നവരാരെങ്കിലും കണ്ടാലോ?"

"കണ്ടാൽ ഞാൻ കുടിക്കത്തില്ല"

ആ കശാറിൽ മുന്നോട്ടുനടന്നു.

കറുത്ത പെയിന്റിൽ വെള്ള അക്ഷരത്തിൽ എഴു
തിയ മുദ്രാവാക്യം തന്നേനോക്കി ചിരിക്കുന്നതുപോലെ
തോന്നി. പേടിപ്പെടുത്തുന്ന ചിരി. അതിൽ പരിഹാ
സം മുററിത്തഴച്ചു നില്ക്കുന്നു.

പരിശുദ്ധമായൊരു പളുങ്കുപാത്രം താഴെ വീണു
പൊട്ടിച്ചിതറുന്ന ശബ്ദം ഹൃദയത്തിൽ മുഴങ്ങി. അതു
കേട്ടിട്ടായിരിക്കണം ആ ബോർഡിനു ചിരിവന്നതു്.

വേലിക്കെട്ടിനുള്ളിലേയ്ക്കു് കാലെടുത്തുവെച്ചപ്പോൾ
കാലുകൾ വിറച്ചു. മുമ്പും പരമേശ്വരൻ നായരുടെക്രൂ
ടെ അവിടെ കയറിയിട്ടുണ്ട്. അന്നെങ്ങും കാലുവിറ
ച്ചിട്ടില്ല. കുടിക്കാനല്ല താൻ കയറുന്നതെന്ന ബോധം
അന്നു മനസ്സിലുണ്ടായിരുന്നു.

ഇന്നാബോധമില്ല. മനക്കട്ടിയില്ലാത്തവൻ മോഷ
ണത്തിനിറങ്ങി തരിച്ചിരിക്കുന്നതുപോലെയുള്ള അനുഭ
വമാണ്. ഹൃദയത്തിൽ ഭീതിനിറഞ്ഞു നില്ക്കുന്നു. അ
തിന്റെ കരിനിഴൽ മുഖത്തു് പ്രകാശിക്കാതിരിക്കുവാൻ
പാടുപെട്ടു.

താൻ ചെയ്യുന്ന പ്രവൃത്തി നല്ലതാണെന്നു ബോധ്യ

മുള്ളതു കൊണ്ടുതന്നെയാണു ചെയ്യുന്നതെന്നു സമാധി
വാൻ ശ്രമിച്ചു. അതും മനസ്സിനു് സ്വൈര്യം തരുന്നി

ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന പളുങ്കുപാത്രമുടഞ്
അതിന്റെ ചില്ലുകൾ ഹൃദയത്തിൽ കുത്തിത്തറ
രക്തമൊഴുകുന്നതുപോലെ തോന്നി.

"നമുക്കു് പുറകുവശത്തു് മൂലയ്ക്കുള്ള മുറിയിൽ പേ
യിരിക്കാം"

പരമേശ്വരൻനായർ പറഞ്ഞു.

അവിടെകയറിയിരുന്നു. പരമേശ്വരൻനായർ
തകടച്ചു് കൊളുത്തിട്ടു. ഉള്ളിലെ വാതുക്കൽകിട
കർട്ടൻപിടിച്ചു് താഴ്ത്തിയിട്ടിട്ടു് അകത്തുകയ
നോക്കി. അറിയുന്നമുഖങ്ങളൊന്നുമില്ല. എങ്കിലും
രേയും മുറിക്കുള്ളിലേക്കു് കടത്തിവിടരുതെന്നു് നിർദ്ദേ
കൊടുത്തിട്ടു് ഇരുന്നു് പരമേശ്വരൻനായരൊന്നു ചി
ച്ചു. എല്ലാം ഭദ്രമായി.

"ഒരുകുപ്പി ഇന്നലത്തെ അന്തി. അളിയനു് രാ
ലത്തേതുമതിയോ?"

"എനിക്കും ഇന്നലെ വൈകിട്ടലത്തേതുമതി"

"എന്നാൽ രണ്ടുകുപ്പി അന്തി"

"തിന്നാനെന്തുവേണം?"

"എന്തൊക്കെയുണ്ടു്?"

"ചീനിയും മീനും, കോഴിയിറച്ചി, ഞണ്ടു്, ക[illegible]ണ്ടു്.
യിറച്ചി"

"ചീനിയും മീനും കൊണ്ടുവാ"



കള്ളും കൂട്ടാനും ഡസ്കിന്റെപുറത്തു കൊണ്ടു
വെച്ചു.

ഒരുകുപ്പിയിലിരുന്നതു് രണ്ടു ഗ്ലാസുകളിലായി പ
കന്നു. ഗ്ലാസിൽ മുട്ടിച്ചിട്ടു്. പരമേശ്വരൻ കുടിക്കു
മ്പോൾ പറഞ്ഞു: "അളിയന്റെ ആരോഗ്യത്തിനു്"

"അളിയന്റെ ആരോഗ്യത്തിനു്"

താനും അതാവർത്തിച്ചു.

ഗ്ലാസ് ചുണ്ടോടടുപ്പിച്ചപ്പോൾ അതിന്റെ ദുർ
ഗന്ധം വെറുപ്പുണ്ടാക്കി. പരമേശ്വരൻനായരുടെ
മുമ്പിൽ ചെറുതാകാൻ പാടില്ല. അതു് ഒററവീപ്പിന
കത്താക്കി.

കൂട്ടാന്റെ എരുവുകൊണ്ടു് കണ്ണിൽ വെള്ളംനി
റഞ്ഞു.

മൂന്നുഗ്ലാസകത്തായപ്പോൾ പരമേശ്വരൻനായർ
പറഞ്ഞു.

"ഇനി അളിയൻ കുടിക്കണ്ട"

"ഒരുഗ്ലാസുകൂടി"

"ഒട്ടും കുടിക്കണ്ടാ. പുറത്തുവച്ചാരെങ്കിലും കണ്ടാ
ലും ഒന്നും അറിയിക്കാതെ രക്ഷപെടണം"

"ഒരുഗ്ലാസുകൂടി കുടിക്കാം"

"മതി. ഇനി കുടിക്കണ്ടാ"

ഒരുകാലത്തു് താനയാളെ പലതും ഉപദേശിച്ചി
ട്ടുണ്ടു്. അയാളതൊന്നും അനുസരിച്ചിട്ടില്ല.

അയാളുപദേശിച്ചിട്ടുള്ളതിനെ താൻ ചെവിക്കൊ

ള്ളാതിരുന്നിട്ടില്ല. ബ്രേക്ക്ഡൗണായിപ്പോകുന്ന ത... ജീവിതത്തെ മുന്നോട്ടുപിടിച്ചു നടത്തിയിട്ടുള്ളതു് അ... ളുടെ ഉപദേശങ്ങളാണു്. അതു് തൻെറ ഗുണത്തി... വേണ്ടിയിട്ടായിരുന്നെന്നറിയാമായിരുന്നു. അതൊ... അനുസരിച്ചു. ഇന്നും അതനുസരിക്കുന്നു.

ഒരിക്കൽ......

ഹൃദയത്തിൽ നിറയെ കദനഭാരവുംപേറിക്കൊണ്ടാണവൻെറടുക്കൽ ചെന്നതു്.

പാട്ടക്കാരെ ഒഴിപ്പിക്കുവാനുള്ള അച്ഛൻെറ ശ്രമത്തെ എതിർത്തു. കൃഷിക്കാരുടെ കൂടെ നിന്നു് അച്ഛനോടു് സമരം പ്രഖ്യാപിച്ചു.

വീട്ടിൽനിന്നും ബഹിഷ്കൃതനായി. ഉണ്ടുകൊണ്ടിരുന്ന ചോറിന്റെ മുമ്പിൽനിന്നും എഴുന്നേറ്റു് റോഡിലിറങ്ങേണ്ടിവന്നു.

അതു മനസ്സിലാക്കുവാൻ ആരും ഉണ്ടായില്ല. മനസ്സിലാക്കേണ്ടവർ അതു മനസ്സിലാക്കിയതുമില്ല.

പട്ടിണിയുടെ ദിവസങ്ങൾ നാലിൽനിന്നും അഞ്ചായി വളന്നു.

നടക്കാൻവയ്യാ.

ദേഹം തളരുന്നു.

നാവു് വരളുന്നു.

ആരും ഒരുതുള്ളി വെള്ളം തൊട്ടുതന്നില്ല.

ആരും ഒരിറ്റുവറ്റു് നീട്ടിയില്ല.

കുളിയില്ല.



ഉറക്കമില്ല.

എവിടെയാണു കുളിക്കുന്നതു്?

എവിടെയാണുറങ്ങുന്നതു്?

ധരിച്ചിരുന്ന ഷർട്ടും മുണ്ടും വിയർപ്പുപുരണ്ടു നാറി. താൻ ആർക്കുവേണ്ടിയാണോ വീട്ടിൽനിന്നും ബഹിഷ്കൃതനായതു് അവർക്കതിനെപ്പറ്റി ചിന്തയില്ല. തനിക്കാരോടും പരാതി ഉണ്ടായിരുന്നില്ല. ആർക്കും വേണ്ടിയിട്ടല്ല. താൻ വിശ്വസിക്കുന്ന തത്വസംഹിതയ്ക്കുവേണ്ടിയിട്ടാണു് അച്ഛനോടു സമരംചെയ്തതു്.

ആ തത്വസംഹിതയിൽ വിശ്വസിക്കുന്ന സഖാക്കളെങ്കിലും തന്നെപ്പറ്റി ചിന്തിക്കുമെന്നു വിചാരിച്ചു.

അതും ഉണ്ടായില്ല.

ആരേയും അറിയിക്കാതെ,

ആരുമാരും അറിയാതെ,

ഈ ജീവിതം ഒടുങ്ങണമെന്നാഗ്രഹിച്ചു.

തെരുവുവിളക്കിൻെറ വെളിച്ചംപറ്റി നടന്നു. നടന്നുനടന്നു് ചെന്നുനിന്നതു് അവൻെറ അടുക്കലാണു്.

കുളിച്ചപ്പോൾ,

ഊണുകഴിച്ചപ്പോൾ,

ഉറങ്ങിയപ്പോൾ,

അവൻ തന്നെപ്പറ്റി ചിന്തിക്കുകയായിരുന്നു.

ഉണർന്നപ്പോൾ പറഞ്ഞു. “ഇത്തരം പരീക്ഷണങ്ങളുടെ മുമ്പിലൊന്നും ചൂളാതെ മുന്നോട്ടു് പോകണം. നിൻെറ നേതാക്കന്മാരൊക്കെ എന്തെന്തു പരീക്ഷണഘട്ട

ങ്ങളെ തരണംചെയ്യുവരാണ്. അതൊക്കെ ഓർക്കുമ്പോൾ ഇതൊക്കെ നിസ്സാരമാണ്. എന്തു കഷ്ടപ്പാടു സഹിച്ചിട്ടാണെങ്കിലും നിന്നിടത്തുതന്നെ ഉറച്ചുനില്ക്കണം. അങ്ങിനെ ഉറച്ചുനില്ക്കുമ്പോൾ ഇരുളടഞ്ഞ വർത്തമാനകാലം ഓടിമറയും. പ്രകാശംനിറഞ്ഞ ഭാവികാലം വർത്തമാനകാലമായി മാറും. അന്നു നിനക്കു് ദുഃഖിക്കേണ്ടിവരില്ല"

തന്റെ ഹൃദയത്തിൽ കുത്തിത്തറച്ചുനിന്നിരുന്ന വേദനയുടെ മുള്ളുകളെല്ലാം അയാൾ ഊരിയെടുത്തു. മുറിവുകളിലൊക്കെ ആശ്വാസത്തിന്റെ തേൻതുള്ളികൾ പുരട്ടി തടവി. മുറിവുകളുണങ്ങിയപ്പോൾ ഹൃദയം കർമ്മനിരതമായി.

കാലുകൾ മുന്നോട്ടു ചലിച്ചു. മുന്നോട്ടു നടന്നു.

തല പെരുക്കുന്നതുപോലെ തോന്നി. കാലുകൾ വിറയ്ക്കുന്നില്ല. ഒന്നിനേയും ഇപ്പോൾ ഭയമില്ല. നല്ല ധൈര്യംതോന്നുന്നു. താൻ കുടിയനാണെന്നുള്ള വിവരം ആരും അറിഞ്ഞുകൊള്ളട്ടെ. തനിക്കൊന്നുമില്ല.

അകത്തേക്കു കയറുമ്പോൾ റോഡിൽ വിളക്കുകൾ കത്തിയിരുന്നില്ല. ഇപ്പോൾ തെരുവുവിളക്കുകൾ പ്രകാശിക്കുന്നു.

അകത്തിരുന്നു് ആരോ ഈണത്തിൽ കഥകളിപ്പദം ചൊല്ലുന്നു. റോഡിലെത്തിയിട്ടും അതു നല്ലതുപോലെ കേൾക്കാം.

തനിക്കു് ഒരുഗ്ലാസ്സു്കൂടി കുടിച്ചാൽകൊള്ളാമെന്നുണ്ടു്. പരമേശ്വരൻനായർ സമ്മതിക്കുന്നില്ല. വരട്ടെ.



അതിനു മാർഗ്ഗമുണ്ടു്.

ബസ്സു വന്നപ്പോൾ കൈകാണിച്ചു നിർത്തി. അതിൽ കയറിയിരുന്നു. പരമേശ്വരൻനായരോടു വിടവാങ്ങി.

അടുത്ത ഷാപ്പിന്റെ മുന്നിലിറങ്ങി.

അകത്തേക്കു കയറി.

കാലുകൾ വിറച്ചില്ല.

ഹൃദയത്തിൽ ആരെങ്കിലും കണ്ടുകളയുമോ എന്ന ഭീതിയില്ല.

പുറത്തിറങ്ങി ഒരു പായ്ക്കററു സിഗററുവാങ്ങി. ഒന്നു കത്തിച്ചു.

ബസ്സ് ഇരപ്പിച്ചുകൊണ്ടു വന്നു. കൈകാണിച്ചു ബസ്സു നിർത്തി. കയറാൻതുടങ്ങുമ്പോൾ കണ്ടക്ടർ പറഞ്ഞു "തീ കളയണം"

അയാളെ രൂക്ഷമായൊന്നു നോക്കി.

"തീ കളയണം" കണ്ടക്ടർ വീണ്ടും പറഞ്ഞു.

അല്ലെങ്കിൽ എന്തുചെയ്യുകളയുമെടാ എന്ന അർത്ഥത്തിൽ അയാളെ ഒന്നു നോക്കിയിട്ടു് തീവലിച്ചെറിഞ്ഞു.

തക്കിച്ചുനില്ക്കാൻ നേരമില്ല. വേഗം അവളുടെയടുക്കൽ എത്തണം.

ബസ്സിൽനിന്നും ഇറങ്ങി.

കാലുകൾ നേരെനില്ക്കുന്നില്ല.

തല നേരെനില്ക്കുന്നില്ല.

റോഡിനു വീതി പോരെന്നുതോന്നി.

വേഗം നടന്നു.

അവൾ!

അവൾ മാത്രമാണു ലക്ഷ്യം.

ഇലക്ട്രിക് ലൈററിൻെറ വെളിച്ചത്തിൽ അവ മുകളിലത്തെനിലയിലുള്ള അവളുടെ മുറിയിലിരുന്നു വ യിക്കുന്നതു കണ്ടു.

കോവണിപ്പടി കയറി.

അവിടെ അവളുടെ തള്ള നില്പുണ്ട്.

മുകളിലെത്തിയപ്പോൾ കസ്സേരയിലിരിക്കണമെന്ന് തോന്നി.

''എനിക്കൊന്നു കസ്സേരയിലിരിക്കണം''

നാക്കു് കുഴഞ്ഞുപോയി.

അവളും താഴേയ്ക്കിറങ്ങിവന്നു.

കസ്സേരയിൻെറടുക്കലെത്തുവാൻ കഴിഞ്ഞില്ല.

വഴിയിൽ ഇരുന്നു.

.........

ഛർദ്ദിച്ചു.

കടവിറങ്ങിയിട്ടു് അവളുടെ തോളിൽ പിടിച്ചു കൊണ്ടു് മുകളിലേക്കു കയറി.

''ഇതു് കുറച്ചെങ്ങാനും കേററിയാൽ പോരായി രുന്നോ?''

പരിഭവത്തോടുകൂടി അവൾ ചോദിച്ചു.

മുറിയിൽചെന്നു് കട്ടിലിലേക്കുവീണു.



കിടന്നുകൊണ്ടു് മുറിക്കുള്ളിൽ ഛർദ്ദിച്ചു.

ദേഹത്തും കിടക്കയിലും ഛർദ്ദി പുരണ്ടിട്ടുണ്ടു്.

അതിൻെറ വൃത്തികേടപ്പോൾ അനുഭവപ്പെട്ടില്ല.

തളർന്നുകിടന്നു.

കഴുത്തു് ഒടിഞ്ഞുവീണു.

തല പൊക്കാൻകഴിയുന്നില്ല.

ശരീരം ഉയർന്നുയർന്നു് ആകാശത്തേക്കുപോകുന്നു. ശരീരത്തിനു് ഭാരമില്ല. അതങ്ങനെ കാററിൽ പറന്നു പറന്നു പോവുകയാണു്.

ഉണർന്നപ്പോൾ..........

വാച്ചിൽനോക്കി. മണി മൂന്നായി. താനെവി ടെയാണു്? കള്ളുഷാപ്പിൽത്തന്നെ കിടന്നുറങ്ങുകയായി രുന്നോ? കള്ളിൻെറ അസഹ്യമായ ദുർഗ്ഗന്ധം മൂക്കിലടി ച്ചുകയറുന്നു.

ഓർത്തുനോക്കി.

അല്ല.

താനവളുടെ മുറിയിലാണു്.

മെത്തകണ്ടില്ല.

അവളടുത്തുണ്ടു്. ഉറക്കമാണു്.

മെത്ത തറയിൽ കിടക്കുന്നു. ഓ, അതിലൊക്കെ താൻ ഛർദ്ദിച്ചുവെച്ചതാണു്. അതിൻെറ മണം ഇ പ്പോഴും അവിടൊക്കെ പററിപ്പിടിച്ചുനില്ക്കുന്നു. അവ ളുടെ മാറിടം ഉയരുകയും താഴുകയും ചെയ്യുന്നു. നേർമ

യുള്ള പട്ടുബ്ലൌസിനുള്ളിൽക്കൂടി അതിനുള്ളിലുള്ള
തെളിഞ്ഞുകാണാം.

ചുണ്ടിൽ മധുരമായൊരു പുഞ്ചിരി തത്തിക്കളി
ക്കുന്നു. അവളേതോ മധുരസ്വപ്നം കാണുകയാണ്.

തന്നെ ചുററിവരിഞ്ഞിരുന്ന കയ്യിൽ ഉമ്മവെച്ചു

ബ്ലൌസിൻെറ പിന്നുരി ബാഡിക്കെട്ടഴിച്ചു.

അവൾ ഞെട്ടിയുണർന്നു.

അവളെ അണച്ചുപൂട്ടി കിടന്നു.

## മൂന്നു്

വീട്ടിൽചെന്നു കയറിയപ്പോൾ അമ്മയുടെ മുറി
യിൽമാത്രമേ വെളിച്ചമുണ്ടായിരുന്നുള്ളു. അച്ഛൻ ഉറ
ക്കമായിക്കാണും. ഒൻപതുമണിയാകുമ്പോഴേ അച്ഛൻ
കിടന്നുകഴിയും.

അമ്മയെ വിളിച്ചു.

അമ്മ എഴുന്നേററു് കതകുതുറന്നു.

കൈകഴുകാൻ പാത്രത്തിൽ വെള്ളമുണ്ടായിരുന്നി
ല്ല. അടുക്കളയിൽ ഉറങ്ങിക്കിടന്ന വേലക്കാരി ജാന
കിയെ അമ്മ വിളിച്ചുണർത്തി. അവൾ വെള്ളം കൊ
ണ്ടുവച്ചു.

ഉറക്കംതൂങ്ങിനില്ക്കുന്ന അവളുടെ കണ്ണുകളിലും പ്ര
കാശമുണ്ടു്.

ബ്ലൗസിനടിവശമുള്ള വയറിനു് മിനുമിനുപ്പുണ്ടു്.
മാറിടം മദിച്ചുനില്ക്കുന്നു.

അവൾ അടുക്കളയിലേക്കു കയറിപ്പോകുമ്പോൾ
നിതംബം തുളുമ്പിനിന്നു.

അവളെന്തിനാണു് തൻെറടുക്കൽ വന്നപ്പോൾ നാ
ണിച്ചു് തലകുനിച്ചതു്? പുഞ്ചിരിച്ചതു്?

എനിക്കു നിൻെറ കുഴഞ്ഞാട്ടം കാണേണ്ടാ. പുഞ്ചി
രി കാണേണ്ടാ,

എനിയ്ക്കെല്ലാത്തിനും അവളുണ്ട്. അവളുമാത്ര മതി.

കൈകഴുകി ഉണ്ണാനിരുന്നു. അമ്മ ചോറുവിളമ്പി മുമ്പിൽകൊണ്ടുവെച്ചിട്ട് പതിവുപോലെ അടുത്തുതന്നെ കുത്തിയിരുന്നു.

അമ്മയുടെ തലമുടിയിൽ വെള്ളികെട്ടിത്തുടങ്ങി മകനുവേണ്ടി സഹിച്ചിട്ടുള്ള യാതനയുടെ കരിനിഴ മുഖത്ത് തുടുത്തുനില്ക്കുന്നു.

മിണ്ടാതിരുന്ന് ചോറുവാരിത്തിന്നു. മിണ്ടിയാ ഒരു പക്ഷെ താൻ കുടിച്ചിട്ടുള്ള വിവരം അമ്മ അറിയു അറിഞ്ഞാൽ....അവൾക്കതു സഹിക്കുന്ന കാര്യമല്ല. മ നെവിടെപ്പോയാലും അവൻെറ സ്വഭാവത്തിൽ കള പററുകയില്ലെന്നവർ വിശ്വസിക്കുന്നു. ആ വിശ്വാ ത്തിനു ഉടവുതട്ടുന്നതിനെപ്പററി അവൾക്കു ചിന്തിക്കാ കൂടി സാദ്ധ്യമല്ല.

മകനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ അവ തയാറാണ്. മകനേതുപാർട്ടിയിൽ പ്രവർത്തിക്കുന്ന നും അവരെതിരല്ല. പക്ഷെ മകൻ കുടിയനായാൽ.. കൊള്ളരുതാത്തവനായാൽ അതവർക്കു സഹിക്കുന്ന ക ര്യമല്ല. അതുകൊണ്ടുതന്നെ താൻ കുടിച്ചിട്ടുള്ള വിരം അ വരറിയരുതെന്നാഗ്രഹിച്ചു.

ആദ്യമായി കുടിച്ചുകൊണ്ടുചെന്നദിവസം ചോ ക്കണ്ടായിരുന്നു. അവൾക്ക് മകനെ സംശയമൊന്നും തോ ന്നിയില്ല.

മകൻ കുടിച്ചിട്ടുള്ള വിവരം അമ്മയ്ക്ക് കണ്ടുപി ക്കാൻ അറിഞ്ഞുകൂടാ.



പതിവുപോലെ അവർ ചോദിച്ചു: "നീ എന്നും ഇങ്ങനെ നടന്നാൽമതിയോ?"

"................"

"നിൻെറ കാര്യംകൂടൊന്നു ശൊവ്വായിരുന്നെങ്കിൽ മനസ്സിനൊരു സമാധാനമുണ്ടായിരുന്നു"

ഇളയമകനും, മൂത്തമക്കളെപ്പോലെ ഉദ്യോഗസ്ഥനായി കാണണമെന്നാണ് അവരുടെ ആഗ്രഹം. ഗവൺമെൻറിൻെറ നാലു 'പുത്തൻ'വാങ്ങിക്കുന്നതു് ഒരന്തസ്സാണ്. അതു പറഞ്ഞാൽ മകൻെറ തലയിൽ കയറുകയില്ലെന്നവൾക്കറിയാം എങ്കിലും ദിവസവും അതാവർത്തിക്കുന്നു.

"നിന്നോടെന്തിനാ ഞാൻ വെറുതേ വായിട്ടലയ്ക്കു ന്നെ. പറഞ്ഞാൽ തലയിൽ കേറുമെങ്കിൽ വേണ്ടാ യോ......?"

മകനെഴുന്നേററു കൈകഴുകി.

"ആ ലൈററിങ്ങോട്ടെടുത്തേരമ്മേ"

"ഇനി എങ്ങോട്ടാ"

"ഒരു കമ്മററിയുണ്ട്"

"എന്നും ഇങ്ങനെ കമ്മററിയുംകൊണ്ടു നടന്നോ"

അമ്മ ലൈററും ഒരുഗ്ലാസ്സു പാലുമായി വന്നു. ലൈ ററുവാങ്ങി.

"പാല് അമ്മ കുടിച്ചോ"

"ഇതു കുടിച്ചോണ്ടുപോ മോനേ"

"എനിക്കു വേണ്ടമ്മേ"

ലൈററു തെളിച്ചുകൊണ്ടു നടന്നു. അവളിപ്പ
എനിക്കു് പാലുംവെച്ചുകൊണ്ടു് കാത്തിരിക്കുകയാ

അവളിൽമാത്രം പററിപ്പിടിച്ചുനില്ക്കുകയാണ
സ്സു്. അവളങ്ങനെ ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്നു.
കലെ ഏതെങ്കിലും സ്ത്രീകളെകണ്ടാൽ അതെല്ലാം അ
ളുടെ രൂപമാണെന്നു തോന്നും.

അവളെ കൂടാതെ ഇനി ജീവിക്കാൻ സാധ്യ
എപ്പോഴും അവളെ കണ്ടുകൊണ്ടിരിക്കാൻ തോന്നു

ഇന്നലെ അവളോടതു തുറന്നുപറഞ്ഞു. അവ
പ്പോൾ ചിരിയാണുണ്ടായതു്. കുറേക്കഴിഞ്ഞപ്പോ
ആ മുഖം വിവൎണ്ണമായതെന്താണു്? അസഹ്യമായ വേ
നയനുഭവിക്കുന്നതുപോലെ അവൾ പുളഞ്ഞതെന്താണ
ഹൃദയം അനുഭവിക്കുന്ന വേദനയുടെ കരിനിഴൽ മുഖ
പ്രകാശിപ്പിക്കാതിരിക്കാൻ അവൾ പാടുപെട്ടു. അ
ലവൾ വിജയിച്ചോ? ഇല്ല; തനിക്കാമുഖത്തെഴുതി
ച്ചിരുന്നതപ്പടി വായിക്കാൻ കഴിഞ്ഞു.

എന്താണാ മുഖത്തെഴുതിവെച്ചിരുന്നതു്. "ഞാ
ഗർഭിണിയാണു്. എന്റെ ഭൎത്താവിതറിയുമ്പോൾ എ
ന്നെ കൊല്ലും. ഞാനിതെങ്ങനെ ചുമന്നുകൊണ്ടു നടക്കും
അദ്ദേഹമാണീ കുടുംബം പുലൎത്തുന്നതു്"

"നിന്നെ ഞാൻ സംരക്ഷിക്കും"

അതുപറഞ്ഞപ്പോൾ അവൾ സംശയത്തോടുകൂടി
മുഖത്തേക്കു സൂക്ഷിച്ചുനോക്കി.

"നീ എന്റേതാണു്. എന്റെ കുഞ്ഞിന്റെ അ
മ്മയാണു്, നിന്നെ ഞാൻ മററാൎക്കും വിട്ടുകൊടുക്കില്ല



അതുകേട്ടപ്പോൾ അവളുടെ മുഖം പ്രകാശിച്ചു. അ
ല്പനിമിഷം കഴിഞ്ഞപ്പോൾ അതുവീണ്ടും വിവൎണ്ണമായി.
അസഹ്യമായ വേദനയനുഭവിക്കുന്നതുപോലെ അവൾ
പുളഞ്ഞു. ചിന്താഭരിതമായിത്തീൎന്നു ആ മുഖം.

"അതു നടപ്പുള്ള കാര്യമല്ല"

"അതെന്താ?"

"എന്നേക്കാൾ പന്ത്രണ്ടുവയസ്സിനിളയതാണനി
യൻ. അനിയനെന്റെകൂടെ താമസിച്ചാൽ അനിയനെ
ആളുകൾ അക്ഷേപിക്കും. അതുകൊണ്ടു് അതിനേപ്പ
ററി ചിന്തിക്കണ്ടാ"

അവളെ മററാൎക്കും വിട്ടുകൊടുക്കാൻ മനസ്സില്ലാത്ത
തുപോലെ നെഞ്ചോടു് ചേൎത്തു് അമൎത്തികിടത്തിക്കൊ
ണ്ടുപറഞ്ഞു. "എന്റെ കരളിനെ ഞാൻ മററാൎക്കും വി
ട്ടുകൊടുക്കത്തില്ല"

അവളുടെ കണ്ണുകൾ നിറഞ്ഞു. അതു നക്കിയെടു
ത്തപ്പോൾ ഉപ്പുരസമുണ്ടായിരുന്നു.

"അനിയനീ രാജ്യത്തെതൊരു പെണ്ണിനെ വേണ
മെങ്കിലും കിട്ടും. സുന്ദരിയായൊരു പെണ്ണിനെ അനി
യൻ വിവാഹം കഴിക്കണം. ഞാനിവിടുന്നു സിംഗപ്പൂ
രിലേക്കു പോകുന്നതുവരെ നമുക്കിങ്ങനെകഴിയാം. അതു
കഴിഞ്ഞു് പരസ്പരം മറക്കാം"

അവളെ വിട്ടുപിരിയാൻ കഴിയാത്ത ഒരു കൊച്ചു
കുഞ്ഞിനേപ്പോലെ അവളിൽ ചുററിപ്പടൎന്നിട്ടു പറഞ്ഞു.

"എന്റെ കരളിനെ ഞാൻ വിടത്തില്ല......വിട
ത്തില്ല"

"അനുഭവം പായസമാനിയാ"

ഹൃദയത്തിൽ തേൻമുള്ളു കളിരുന്നു് കുരു...
ന്നു. അവനൊരു അച്ഛനാകാൻ പോകുന്നു.

ഹായ്. അവനെത്ര സുന്ദരനായിരിക്കും. അ...
ടെ അഴകും അച്ഛന്റെ പൗരുഷവുമുള്ള ഒരോമന...

അവനെ പഠിപ്പിക്കണം. പഠിപ്പിച്ച് വ...
ലിയവനാക്കണം. തങ്ങളുടെ പ്രേമസങ്കല്പങ്ങളുടെ സ്വ...
മായിരിക്കുമവൻ.

അവനെ അകത്തിട്ടിരിക്കുന്ന ആ വയറൊന്നു ...
ത്താമാണ്. അതിലൊന്നു സദാസമയവും മുഖമ...
കിടക്കാൻ തോന്നും. അതവൾ സമ്മതിക്കില്ല. ...
തിരുന്നാൽ അവൾക്കു ദേഷ്യംവരും. ഒരു ...
സൗജന്യം വെച്ചുന്നതുപോലെ ആ വയറൊന്നു ...
ടാൻമാത്രം അനുവദിക്കും. ഒരു നിമിഷം ഒരുമ്മ...
ക്കാനും. തണുപ്പുകൊണ്ട് ഇന്നലെ മാത്രമാണു ...
നിന്നും വ്യതിചലിച്ചതു്. ഇന്നലെ അവൾ കാ...
നേരം വെളുപ്പിച്ചു.

അവൾക്ക് കരയാൻ കഴിയുമെന്ന് വിശ്വ...
ച്ചിരുന്നില്ല.

അവൾക്ക് വേദനിക്കുവാൻ കഴിയുമെന്ന് വിശ്വ...
സിച്ചിരുന്നില്ല.

വരട്ടെ.

വേദനയും, കണ്ണുനീരും ഒന്നൊപ്പിയെടുക്ക...
സന്തോഷത്തിന്റെ പൊട്ടിച്ചിരിക്കുന്ന സാമ്രാജ്യത്തി...
ലേക്കവളെ ആനയിക്കും!



എന്റെ ഓമനക്കുട്ടന്റമ്മ കരയാൻ പാടില്ല.

എന്റെ ഓമനക്കുട്ടന്റമ്മ വേദനിക്കാൻപാടില്ല.

ഇപ്പോൾ കരയാനും, വേദനിക്കാനും പാടില്ലാത്ത സമയമാണ്. ആനന്ദമായിരിക്കണം. ആശയുള്ളതെല്ലാം തിന്നണം. അവന്റെ ആരോഗ്യത്തിനതൊക്കെ അനുപേക്ഷണീയമാണ്.

ആകാശത്ത് കാർമേഘം ഉരുണ്ടുകൂടി. നക്ഷത്രങ്ങൾ അതു കണ്ട് പേടിച്ച് ഓടിമറഞ്ഞു.

തവളകൾ ശബ്ദിച്ചു.

മഴ പെയ്യും.

ലേശം ചാറാൻ തുടങ്ങി.

വേഗം നടന്നു.

വാതുക്കൽ അവളുടെ അമ്മ നില്പുണ്ടായിരുന്നു. ഇരിക്കുക വൃദ്ധ കിടന്നുറങ്ങാനുള്ളതിന് ഉറക്കമിളച്ച് കാണുകയാണ്. ശല്യമൊന്നുമില്ല. അവളുടെ കണ്ണു കാണുമ്പോൾ വൃദ്ധ പേടിച്ച് വിറച്ചുപോകും. എങ്കിലും പ്രാഭവം നശിച്ച ഒരു കൊടിച്ചിപ്പട്ടിയെപ്പോലെ അവർ ഇപ്പോഴും അവിടൊക്കെ ഓടിനടക്കുന്നു.

പണ്ട് തന്നെകണ്ട് പേടിച്ചോടിയിട്ടുള്ളവർ ഇപ്പോൾ തന്റെ മുഖത്ത് കയറി ഇരുന്ന് നിരങ്ങുന്നതു സഹിച്ച് ആ പട്ടി ജീവിക്കുന്നു.

തന്നോട്ട് മുകളിലേയ്ക്ക് കയറരുതെന്ന് വൃദ്ധ വില ക്കിയതെന്താണ്? അതു വകവെച്ചില്ല. മുകളിലേയ്ക്കു കയറി. അവർ പരിഭ്രമിക്കുന്നതു കണ്ടു.

ഒരു പക്ഷെ അവളുടെ ഭർത്താവു വന്നുകാണുമോ? അതുണ്ടാവില്ല .വരുമായിരുന്നെങ്കിൽ നേരത്തെ വിവരം അറിയിക്കുമായിരുന്നു.

ഒരു പക്ഷെ വേറാരെങ്കിലും ...... ഓ...അതു സങ്കല്പിക്കാൻകൂടി കഴിയുന്നില്ല. അവനാരായിരിക്കും? ഓടി മുകളിലേയ്ക്കുകയറി മുറിയുടെ വാതില്ക്കൽ ചെവി കൂർപ്പിച്ചുനിന്നു. ചെറിയ ഒരു ഞരക്കം.

കതകിനു തള്ളി. അതു തുറന്നു. ലൈററിട്ടു.

ഞെട്ടിപ്പോയി.

അവൾ ഒരു തോൎത്തുമുണ്ടു മാത്രം ഉടുത്തു് തറയിൽ പായ വിരിച്ചുകിടക്കുന്നു. വെളുത്ത തുടയിൽക്കൂടി രക്തം ഒഴുകുന്നു.

അവൾ തളൎന്നു കിടക്കുന്നു.

തന്നെകണ്ടപ്പോൾ ദയനീയമായി ഒന്നുപുഞ്ചിരിച്ചു

എന്തു പററി?

അവളുടെ അടുത്തിരുന്നു.

ഒന്നും മനസ്സിലാകുന്നില്ല.

എന്താണു സംഭവിച്ചതു്?

ഇതു കണ്ടുകൊണ്ടു് ആ തള്ള അനങ്ങാതെ നില്ക്കുന്നു.

"അനിയാ ഞാനതു കളഞ്ഞു."

അപ്പോൾ അതാണു സംഭവിച്ചതു്. അവൾ പറഞ്ഞതുപോലെ പററിച്ചു. തൻെറ ഹൃദയ രക്തമാണ് അവളുടെ തുടയിൽക്കൂടി ഒഴുകുന്നതു്...



മകനു താൻ പകൎന്നുകൊടുത്ത രക്തം. അതങ്ങനെ അവളുടെ തുടയിൽക്കൂടി ഒഴുകുന്നു.

എൻെറ മകനേ, നീയിനി ജനിക്കില്ല. നിൻെറ അമ്മതന്നെ നിന്നെ കൊലചെയ്തു.

കൊലയാളി!

അവൾ കൊലയാളിയാണു്.

അവളുടേയും കഴുത്തു് ഞെരിക്കണം. ഞെരിച്ചു കൊല്ലണം.

ഈ കൊലയാളിയെ വെച്ചുകൊണ്ടിരിക്കാൻ പാടില്ല.

കൈ തരിച്ചു.

"നമ്മുടെ രണ്ടുപേരുടേയും രക്ഷയ്ക്കുവേണ്ടിയാണിതു ചെയ്തതു്."

നമ്മുടെ രണ്ടുപേരുടെയും രക്ഷയ്ക്കുവേണ്ടി മൂന്നാമതൊന്നിനെ കൊലചെയ്തു.

—അതു ശരിയാണോ?

—ആരെയാണു കൊലചെയ്തതു്?

എൻെറ രക്തം കൊണ്ടു ജനിച്ചു് നിൻെറ രക്തത്തിൻെറ വളക്കൂറിൽ വളൎന്ന നമ്മുടെ ഓമനക്കുട്ടനെ.

—നീ കൊലയാളിയാണു്.

—എൻെറ മകനെ കൊന്ന നീയും മരിക്കണം.

കൈ തരിച്ചു.

അവളുടെ കഴുത്തു് ഞെരിച്ചു. അവൾ ശ്വാസംമുട്ടി നിലവിളിച്ചു.

വൃദ്ധ മുകളിലേക്കു ഓടിവന്നു. താനും കൊലയാളിയാവുകയാണോ?

വേഗം അവിടെനിന്നും ഇറങ്ങി ഓടി.

“എന്റനിയാ ഒന്നു നില്ക്കൂ. എന്നോട് ക്ഷമിയ്ക്കൂ. എന്റനിയനല്ലേ? ഞാനെന്റെ രക്ഷയേക്കാൾ അനിയന്റെ രക്ഷയെ കരുതിയാണിതു ചെയ്തതു്... അനിയാ പോകരുതേ ......”

അതു മുഴുവൻ കേൾക്കാൻ കഴിഞ്ഞില്ല. ഓടുകയായിരുന്നു.

മുറിയിൽ കയറി വാതിലടച്ചുകിടന്നു. ഉറക്കം വന്നില്ല.

നേരം വെളുത്തു.

കടുംകാപ്പി ഊതിക്കുടിച്ചു.

രക്തം ചുവയ്ക്കുന്നു.

എന്റെ ചോര.

കാപ്പികുടിക്കാനിരുന്നു.

അതിലും രക്തം ചുവയ്ക്കുന്നു.

എന്റെ ചോര.

ഒന്നും കഴിക്കാൻതോന്നിയില്ല. എഴുന്നേററു് കൈ കഴുകി.

ഭ്രാന്താണു്. തനിക്കു ഭ്രാന്തുപിടിക്കും. തന്റെ [illegible]പത്തിലുള്ള ഒരു ഓമനക്കുഞ്ഞു് മുന്നിൽനിന്നു കരയുന്നു.

അതിന്റെ കണ്ണു് അവളുടേതാണു്.

ചുണ്ടു് അവളുടേതാണു്.



മുഖം തന്റേതും.

മകനേ നീ ജനിക്കാൻ പാടില്ലായിരുന്നു. നിനക്കു് പിറക്കാനിടമുള്ളിടത്തല്ല നീ ജനിച്ചതു്.

നീ ജനിക്കണമായിരുന്നെങ്കിൽ അതിനു് ചില നിബന്ധനകളൊക്കെയുണ്ടായിരുന്നു.

ഞാൻ അവളുടെ കഴുത്തിൽ താലികെട്ടണമായിരുന്നു. അതു് നാലാളുകൾ കാണണമായിരുന്നു. കരയോഗം അംഗീകരിക്കണമായിരുന്നു.

നിനക്കിതൊന്നും അറിവുണ്ടായിരുന്നില്ല.

അതൊക്കെ അറിവുണ്ടായിരുന്ന ഞങ്ങൾ നിന്നെ ജനിപ്പിച്ചു.

യാതൊരു തെററും ചെയ്തിട്ടില്ലാത്ത നീ മരിച്ചു.

തെററുകാരായ ഞങ്ങളാണു് നിന്നെ കൊന്നതു്.

ഞങ്ങളെ ആരും ശിക്ഷിക്കില്ല. എന്തെന്നാൽ നിന്റെ മരണം ഇപ്പോഴും രഹസ്യമാണു്. നിന്റെ ജനനം തന്നെ മററാരും അറിഞ്ഞിട്ടില്ല.

ഇവിടെ മനുഷ്യനെ കൊല്ലാം. പക്ഷെ അതു് രഹസ്യമായിരിക്കണമെന്നുമാത്രം.

രഹസ്യങ്ങൾ ഞങ്ങൾക്കു് വളരെ ഭദ്രമായി സൂക്ഷിക്കാൻ കഴിയും.

ഞങ്ങൾ നല്ല ഷർട്ടും, മുണ്ടും, ബ്ലൌസും, സാരിയും ധരിക്കുന്നു. അലക്കി ഇസ്തിരിയിട്ട സില്ക്കുവസ്ത്രങ്ങൾ. നൈലോൺ...ടെർലിൻ...ഇതൊക്കെ ഞങ്ങളുടെ രഹസ്യംമൂടിവയ്ക്കുന്നു. അതിനുള്ളിലെന്താണെന്നു് ആ

ക്കും അറിയാൻ കഴിയില്ല. ആരെങ്കിലും രഹസ്യം അറിയാനുള്ള ആഗ്രഹത്തോടുകൂടി എത്തിനോക്കാൻ ശ്രമിച്ചാൽ വെള്ളിരൂപാ കിലുങ്ങും. വെള്ളിരൂപായുടെ കിലുക്കം കേട്ടാൽ ആരാണു പേടിക്കാത്തതു്?

ബസ്സിൽ കയറിയിരുന്നു. ചെന്നുചേന്നതു് പരമേശ്വരൻ നായരുടെ അടുക്കലാണ്. അയാൾ ആഫീസിലേയ്ക്കു പോകാൻ തുടങ്ങുകയായിരുന്നു. മററുള്ളവരെല്ലാം പോയിക്കഴിഞ്ഞു.

വേലക്കാരൻ പോയി കള്ളു വാങ്ങിക്കൊണ്ടു വന്നു. അതകത്തുചെന്നപ്പോൾ എല്ലാരഹസ്യങ്ങളും പുറത്തുചാടി. എല്ലാം പറഞ്ഞുതീന്നപ്പോൾ ഹൃദയത്തിനൊരാശ്വാസം തോന്നി.

“അവൾ രാക്ഷസിയല്ല. മാലാഖയാണ്. നിന്നേയും അവളേയും രക്ഷപ്പെടുത്തിയ മാലാഖയാണവൾ”

എഴുനേററു് അയാളുടെ കരണത്തു വീക്കണമെന്നു തോന്നി. അയാളൊരു മാലാഖയെ കണ്ടിരിക്കുന്നു!

“നിന്നെ അവൾ ഏററവും കൂടുതൽ സ്നേഹിക്കുന്നു. അതുംകൊണ്ടാണങ്ങനെ ചെയ്തതു്”

“സ്നേഹിക്കുന്നതു് സ്വന്തം കുഞ്ഞിന്റെ കഴുത്തു ഞെരിച്ചിട്ടുവേണോ?”

“ഈ ലോകത്തു് ജീവിക്കണമെങ്കിൽ ചിലപ്പോൾ അതും വേണ്ടിവരും”

“അങ്ങനെ എനിക്കു ജീവിക്കണ്ടാ”

“എന്നാൽ പോയി ചാകു്”

അപ്പോഴും അയാൾക്കു ചിരിയാണ്. എന്തുസംഭവിക്കുമ്പോഴും, പൊട്ടിച്ചിരിക്കുന്ന ഒരു മനുഷ്യൻ;



പൊട്ടിച്ചിരിച്ചൊഴുകുന്ന ഒരു കാട്ടാറിനേപ്പോലെയാണയാൾ.

അതിന്റെ തീരത്തുവന്നിരിക്കുമ്പോഴൊക്കെ തന്റെ ഹൃദയത്തിനാശ്വാസം ഉണ്ടായിട്ടുണ്ടു്. അതിൽനിന്നും തെറിക്കുന്ന വെള്ളത്തുള്ളികൾ തന്റെ ഹൃദയത്തിനു് കുളിർമ നല്കിയിരുന്നു. ഇപ്പോൾ ആ വെള്ളത്തുള്ളികൾ ദേഹത്തുപതിക്കുമ്പോൾ ചുട്ടുപഴുത്തിരിക്കുന്ന തന്റെ ഹൃദയത്തിൽ തീപ്പൊരി പാറിവീഴുന്നതുപോലെ ആണു തോന്നുന്നതു്.

അതു സഹിക്കാൻ കഴിയാത്തവനേപ്പോലെ അയാളോടു യാത്രചോദിച്ചു മടങ്ങി.

സ്ത്രീവഗ്ഗത്തോടുതന്നെ വിദ്വേഷം തോന്നി. പുറത്തോട്ടിറങ്ങുവാൻ തോന്നിയില്ല. മുറിയിൽതന്നെ കിടന്നു. ജീവിതം വെറുക്കുകയാണ്.

കതകടച്ചിരുന്നുകൊണ്ടു് മോപ്പസാങ്ങിന്റെ കാമുകൻ വായിച്ചുതീത്തു.

അതിലെ നായകൻ ജോർജ് ഡുറുവായാണ്.

ജോർജ് ഡുറുവാ, നിങ്ങളെ ഞാനാരാധിക്കുന്നു. നിങ്ങളെ ഞാൻ പിന്തുടരാനാഗ്രഹിക്കുന്നു. സ്ത്രീവഗ്ഗത്തെ നിങ്ങൾ നിങ്ങൾക്കുചുററും ഇട്ടു് വട്ടംകറക്കി. നിങ്ങളുടെ ജീവിതത്തിന്റെ വളർച്ചയുടെ ചവിട്ടുപടികളായിട്ടാണ് നിങ്ങളവരെ ഉപയോഗിച്ചതു്. ഈ വഗ്ഗത്തോടു് നിങ്ങളനുവത്തിച്ചതുപോലെതന്നെയാണു ചെയ്യേണ്ടതു്. ഞാനും അതാഗ്രഹിക്കുന്നു. എനിക്കീവഗ്ഗത്തോടു് കടുത്ത അമർഷമാണ്.

ഉച്ചയുറക്കംകഴിഞ്ഞെത്തുഴുന്നേററപ്പോൾ ജാനകി
യുംകൊണ്ടു് മുറിയിൽവന്നു. അവളെനോക്കി
ിച്ചു. അവൾ മടങ്ങിപ്പോകുമ്പോൾ നിതംബത്തി
വിരലുകൾകൊണ്ടു് തട്ടി. അനവധിനാളുകൾകൊ
തവൾ ആഗ്രഹിച്ചിരുന്നതുപോലെ ചിരിച്ചുകൊണ്ടി
ങ്ങിപ്പോയി.

നീ ചിരിച്ചു.

ഞാനും ചിരിച്ചു.

നീ കരഞ്ഞു.

ഞാൻ ചിരിച്ചു.

നിന്നെ വീട്ടിൽനിന്നും അടിച്ചിറക്കി. നിന്റെ
ഗർഭത്തിൽ എന്റെ ബീജം വളരുന്നുണ്ടായിരുന്നു. അ
പാടില്ലാത്തതാണു്. വേലക്കാരികൾക്കു് വേണമെങ്കിൽ
യജമാനന്മാരുമായി ഇണചേരാം! ഗർഭംധരിക്കാൻ പ
ടില്ല!

അമ്മ നിന്നെ ആട്ടിപ്പുറത്താക്കി.

ഞാൻ നിന്നെനോക്കിനിന്നു് പൊട്ടിച്ചിരിച്ചു.

എനിക്കു് മകൻ പിറക്കാൻപോകുന്നെന്നുകേട്ട
പ്പോൾ എന്റെ ഹൃദയം ഒരിക്കൽ ആനന്ദോന്മത്ത
മായി.

അവൻ പിറന്നില്ല.

ഇന്നു് എനിക്കു മകൻ പിറക്കാൻപോകുന്നെന്നു
കേട്ടപ്പോൾ സന്തോഷിച്ചില്ല. പേടിച്ചു.

അവളെ ആട്ടി പുറത്താക്കി



ഭാസുര, രാധാബായിത്തങ്കച്ചി, ഓമന, ലളിതഡ
സാർ, മേരിക്കുട്ടി, തങ്കമ്മ, ആനിയമ്മ, സുഹ്റാബീവി!
ആ ലിസ്റ്റ് ഓക്കാൻ കഴിയുന്നില്ല. അവരെയൊക്കെ
സ്നേഹിച്ചു. അവരൊക്കെ തന്നേയും സ്നേഹിച്ചു. അവ
രുമായൊക്കെ ഇണചേന്നു.

അപ്പോൾ ബോദ്ധ്യമായി.

"ഇണചേരാനുള്ള മാനദണ്ഡം വിവാഹമല്ല"

നിയമങ്ങൾ കാലഘട്ടത്തിനനുസ്സരിച്ചു് മാററിയെ
ഴുതപ്പെടണം. സാമ്പത്തികപരാധീനതകാരണം യഥാ
കാലം വിവാഹിതരാകുവാൻ ഇന്നു് ആണിനും പെ
ണ്ണിനും കഴിയുന്നില്ല. വികാരശമനത്തിനായി അ
പ്പോൾ ഇണചേരേണ്ടിവരുന്നു. അതു് ഇന്നത്തെ
ലോകം അംഗീകരിക്കണം. അതീ കാലഘട്ടത്തിന്റെ
ഒരാവശ്യമാണ്.

അതു പറയുമ്പോൾ എല്ലാവരും സംശയത്തോടുകൂ
ടി തന്നെനോക്കി.

അച്ഛൻ വെറുത്തു.

അമ്മവെറുത്തു.

വേണ്ടപ്പെട്ട പലരും വെറുക്കുന്നു.

എല്ലാവരും വെറുക്കട്ടെ. നാളത്തെലോകം അംഗീ
കരിക്കാൻ പോകുന്ന ഒരു തത്വത്തിന്റെ ആദ്യത്തെ ര
ക്തസാക്ഷിയാകാൻ താൻ തീരുമാനിച്ചിരിക്കുന്നു.

അമ്മയും വെറുക്കുന്നു.

തനിക്കതു് സഹിക്കാൻ കഴിയുന്നില്ല.

അച്ഛനും വെറുക്കുന്നു.

അദ്ദേഹത്തിന് തന്നെ വെറുക്കുവാൻ കഴിയുമോ!

വീട്ടിൽനിന്ന് ബഹിഷ്കൃതനായിരുന്നപ്പോൾ..

ഷർട്ടും മുണ്ടും കീറി.

പരമേശ്വരൻനായരോട് 20 രൂപാ കടംവാങ്ങി

അതുകണ്ട പാർട്ടി സെക്രട്ടറി ഒരുദിവസത്തെ അ-
വധിക്കുതങ്ങോട്ടാവശ്യപ്പെട്ടു. കൊടുത്തു.

ദിവസങ്ങൾ നീങ്ങി.

രൂപാ കിട്ടിയില്ല.

ഓണക്കിളി പറന്നുവന്നു.

തൻെറ ഷർട്ടും മുണ്ടും കീറിത്തയ്ക്കാനൊരിടവുമില്ല

രൂപാ വാങ്ങിച്ചെടുക്കണമെന്ന് വാശിയായി.

പാർട്ടിയാഫീസിൽ കുത്തിയിരുന്നു. പൂരാടം, ഉ-
ത്രാടം. ഉത്രാടത്തിൻറന്ന് വൈകുന്നതുവരെ ആഫീ-
സിൽ ഇരുന്നു. രണ്ടുദിവസവും ഒന്നും കഴിച്ചില്ല.

സെക്രട്ടറി ബോണസ് തൊഴിലാളികൾക്കു കിട്ടു-
ന്നതിൽനിന്നും വാങ്ങുന്ന ധൃതിയിലാണ്. അപ്പോൾ
തന്നെപ്പററി അന്വേഷിക്കാൻ സമയം കാണില്ല.

ഉത്രാടത്തിൻറന്നു വൈകിട്ട് പോക്കററുനിറച്ച്
രൂപയുമായി സെക്രട്ടറി ആഫീസിലേക്കുവന്നു. ബോ-
ണസിനത്തിൽ കിട്ടിയ രൂപായാണ്.

തൻ്റെ കണ്ണുകൾ വിടന്നു. രൂപാ ഇപ്പോൾ കിട്ടും.

"ഇതുവരെ പോയില്ലയോ?"

"ഇല്ല. എവിടെപോകാനാണ്? എങ്ങിനെ ഈ
വേഷത്തിൽ വെളിയിലേക്കിറങ്ങും?"



"സത്യാഗ്രഹം ഇരുന്ന് രൂപാ വാങ്ങാമെന്നാണോ?"

"എനിക്കു യാതൊരു നിവൃത്തിയും ഇല്ലാത്തതുകൊ-
ണ്ടാണ സഖാവെ"

അയാളതു കേൾക്കാൻ നിന്നില്ല. പുറത്തേക്കിറ-
ങ്ങി. ഇറങ്ങുമ്പോൾ അവിടെ ഉണ്ടായിരുന്ന അബ്ദുൾ
ഖാദറിനോടു പറഞ്ഞു.

"ഒരു കരിങ്കൊടി ഇവിടെ തൂക്കിയേക്കണേ അ-
ബ്ദുൾഖാദറേ"

സെക്രട്ടറി ഇനി ഓണം കഴിഞ്ഞേവരൂ. അപ്പോ-
ഴേക്കും താൻ പട്ടിണിയിരുന്ന് ചാകും. അപ്പോൾ
പാർട്ടിയാഫീസിന്റെ വാതുക്കൽ കൊടിതൂക്കിയില്ലെന്നു
വേണ്ടാ!

കണ്ണിൽനിന്നും കട്ടകട്ടയായി രക്തം ഉരുണ്ടുവീണു.
അതു കണ്ടുകൊണ്ടു നില്ക്കാൻ അബ്ദുൾഖാദറിനു കഴി-
ഞ്ഞില്ല.

"വാ സഖാവെ, കാപ്പികുടിക്കാം"

അയാൾ സെക്രട്ടറിയല്ല. തൊഴിലാളിയാണ്.
തൊഴിലാളിവർഗ്ഗപാർട്ടിയിലെ ഒരു സഖാവു കരയുന്നതു
കാണാൻ ഒരു തൊഴിലാളിക്കു കരുത്തില്ല.

"എനിക്കു വേണ്ടാ"

"എന്നാൽ ഞാൻ പോകട്ടെ"

"ഉം"

അയാൾ വേദനയോടുകൂടി ഇറങ്ങിപ്പോയി. താൻ
തനിച്ച് മുറിയിൽ കുത്തിയിരുന്നു. മുറിയിൽ ഇരുട്ടുവ്യാ-

പിച്ചു. ലൈററിടാൻ എഴുന്നേററില്ല. ബെഞ്ചിൽ കിടന്നു.

ആരോടും താൻ യാചിച്ചിട്ടില്ല. കിട്ടാനുള്ളതാണാവശ്യപ്പെട്ടതു്. അതു ചോദിച്ചപ്പോഴോ?

അമ്മ.

അച്ഛൻ.

ആനന്ദംനിറഞ്ഞ ഗൃഹാന്തരീക്ഷം. അവിടന്ന് താനീ ചുടുകാട്ടിലേക്കുവന്നതെന്തിനാണ്? കണ്ടവന്റെയൊക്കെ ആട്ടുകിട്ടാനോ?

താൻ വിശ്വസിക്കുന്നതൊരു തത്വത്തെയാണ്. അവനെപ്പോലുള്ള, പാർട്ടിയിലെ ആഢ്യന്മാരെയല്ല. സമാധാനിച്ചു.

കാൽപ്പെരുമാററംകേട്ടു.

എഴുന്നേററിരുന്നു.

ആരാണ്?

വരാന്തയിലെ വെളിച്ചത്തിൽ വെള്ളികെട്ടിയ തല കണ്ടു. മുഖത്തെ മുറിമീശയും കണ്ടു.

അച്ഛൻ!

പാർട്ടിയെ വെറുക്കുന്ന, പാർട്ടിപ്രവർത്തകനായ മകനോട് വെറുപ്പുപ്രകടിപ്പിച്ചിരുന്ന അച്ഛൻ വന്നിരിക്കുന്നു.

എന്തിനാണ്?

കോടതിയിൽവച്ച് എനിക്കുംകൂടി ഉണ്ണാനുള്ള നിലം കൃഷിക്കാരന്റേതാണെന്ന് സാക്ഷിപറഞ്ഞതിനെപ്പററി ചോദിക്കാനാണോ?



ബെഞ്ചിൽനിന്നും എഴുന്നേററു. ആ മുഖത്തേയ്ക്ക് ധൈര്യമായിനോക്കി. എന്തുവേണം? ഞാനിനിയും കൃഷിക്കാർക്കുവേണ്ടിത്തന്നെ നില്ക്കും.

"ഓണമായാലും വീട്ടിലേക്കുവരത്തില്ല; ഇല്ലിയോടാ"

തല താണുപോയി.

ആർക്കുംവേണ്ടാത്ത തന്നെ അച്ഛനാവശ്യമുണ്ട്.

"ഇതുംകൂടി എടുത്തോ"

കയ്യിലിരുന്ന പൊതി കയ്യിൽവാങ്ങി. പുറകിൽ നടന്നു.

പൊതി മണക്കുന്നു. കോടിവസ്ത്രത്തിന്റെ മണം. തനിക്കുവേണ്ടിയുള്ള കോടിവസ്ത്രങ്ങൾ. ഓണക്കോടി.

കുടുംബദ്രോഹിയായ മകനുടുത്തിരുന്നില്ലെങ്കിൽ അച്ഛന് ഓണത്തിന് ചോറിറങ്ങില്ല.

ഇന്ന് അച്ഛൻപോലും വെറുക്കുന്നു.

അമ്മയും വെറുക്കുന്നു.

മകൻ നശിക്കുകയാണ്.

അധഃപതിക്കുകയാണ്.

ഞാൻ നശിക്കുകയല്ല. അധഃപതിക്കുകയല്ല. വിശ്വസിക്കുന്ന പുതിയ തത്വത്തെ പ്രവൃത്തിയിൽക്കൂടി തെളിയിക്കുകയാണ്. അതു തെളിയിക്കുവാൻ വേണ്ടിയുള്ള ശ്രമത്തിൽ എല്ലാം തകരുകയായിരുന്നോ?

തുടുത്തകവിളും, ആരേയും മാടിവിളിക്കുന്ന കണ്ണുകളുമുള്ള ജീവിതത്തിന്റെ മുഖം കറുത്ത് കരുവാളിച്ചു

പോയി. ഇപ്പോൾ ആരും അടുത്തില്ല. എല്ലാവരും ഓടി അകന്നുപോയി.

കള്ളുഷാപ്പിൽ കയറിഇരുന്നു. കയറിഇരിക്കുമ്പോഴേ മേശപ്പുറത്തു വേണ്ടതെല്ലാം നിരക്കുന്ന ആ കാലം കഴിഞ്ഞുപോയി.

പരിചയമുള്ള ഒരു മുഖമെങ്കിലും കണ്ടിരുന്നെങ്കിൽ! ഒരു ഗ്ലാസ്സുകള്ളിനുവേണ്ടി ഹൃദയം പിടയ്ക്കുന്നു. അതു വാങ്ങാനുള്ള പണമില്ല.

പരിചയമുള്ള മുഖങ്ങൾ കടന്നുവരുന്നു. തന്നെകണ്ടപ്പോൾ അവർ മുഖം തിരിച്ചുകളയുന്നു. ദുഃഖനിമഗ്നങ്ങളായ ജീവിതത്തിന്റെ ഇരുണ്ട ആ ദിവസങ്ങളിൽക്കൂടി മുന്നോട്ടു നീങ്ങുമ്പോൾ നിങ്ങൾ...സുഹൃത്തേ, നിങ്ങൾ മാത്രമാണ് അവിടേക്കു കടന്നുവന്നത്.

ഹൈസ്കൂൾക്ലാസിൽവച്ച് നിങ്ങളുടെ അടുത്തിരുന്ന് പഠിച്ചിരുന്ന ഒരു സുഹൃത്തിനെ നിങ്ങൾ മറന്നിരുന്നില്ല. നിങ്ങൾക്കയാളെ മറക്കാൻ കഴിയുമോ?

രാത്രി ഉറക്കമിളച്ചിരുന്ന് കൈകൊണ്ടെഴുതി പ്രസിദ്ധീകരിക്കുന്ന ഒരു കയ്യെഴുത്തുദിനപത്രത്തിന്റെ പത്രാധിപരായിരുന്നു അയാൾ. നിങ്ങളതിന്റെ സഹപത്രാധിപരും.

ഇന്നും നിങ്ങൾ പത്രാധിപരാണ്. നിങ്ങൾ നിങ്ങളുടെ ജീവിതലക്ഷ്യം നിറവേററി.

നിങ്ങളുടെ സുഹൃത്ത് പലതിലും കൈവച്ചു. ഒന്നിലും കരപററാൻ കഴിഞ്ഞില്ല. എങ്കിലും അയാളുടെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്ന വികാരം നി



ങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. മററൊന്നിലും ആകർഷിക്കാൻ കഴിഞ്ഞില്ലെങ്കിലും പത്രപ്രവർത്തനത്തിന് നിങ്ങളുടെ സുഹൃത്തിനെ ക്ഷണിച്ചാൽ വരാതിരിക്കുകയില്ലെന്ന് നിങ്ങൾക്കുറപ്പുണ്ടായിരുന്നു.

അയാളെപ്പററികേട്ട അസുഖകരങ്ങളായ വാർത്തകളിൽ വേദനകൊണ്ട നിങ്ങളയാളെ നിങ്ങളുടെ പത്രം ആഫീസിലേക്കു വിളിച്ചു. നിങ്ങളുടെ പത്രത്തിന്റെ സഹപത്രാധിപരായി അയാളെ നിയമിച്ചു. താമസിക്കാൻ നിങ്ങളുടെ വീട്ടിൽത്തന്നെ സ്ഥലം കൊടുത്തു.

അയാളെ അങ്ങിനെ ആർക്കും വേണ്ടാത്ത ഒരു കച്ചിത്തുരുമ്പുപോലെ വലിച്ചെറിഞ്ഞു കളയാനുള്ളതല്ലെന്ന് നിങ്ങൾ വിശ്വസിച്ചു. അയാൾ സ്വർണ്ണം വിളയുന്ന ഒരു നെൽച്ചെടിപോലെ വളരണമെന്ന് നിങ്ങളാഗ്രഹിച്ചു.

സുഹൃത്തെ,

അയാൾ നിങ്ങളുടെ വീട്ടിലേക്കുവന്നു. അതുപാടില്ലാത്തതായിരുന്നെന്ന് ഇപ്പോൾ അയാൾ വിശ്വസിക്കുന്നു.

ജീവിതത്തെ നിങ്ങളാഗ്രഹിച്ചതുപോലെ ഒരു പുതിയ വഴിയിൽക്കൂടി തിരിച്ചുവിടാൻ ഞാനാഗ്രഹിച്ചു. നിങ്ങളുടെ ഊഹം തെററായിരുന്നില്ല. പത്രപ്രവർത്തകനെന്നുള്ള നിലയിലുള്ള ജീവിതം ഞാനതുമാത്രം കൊതിച്ചിരുന്നു.

എല്ലാം മറന്ന് ഞാനെന്റെ ജോലിയിൽത്തന്നെ മുഴുകി. അതിൽ എനിക്ക് സംതൃപ്തി അനുഭവപ്പെട്ടു.

ഓരോവരിയും, ഓരോ തലക്കെട്ടും എന്റെ തലോ

ടലോറാണ് വെളിയിൽ വന്നതു്. അതിനു് കൂടുതൽ സൗന്ദര്യം തോന്നിച്ചതായി നിങ്ങൾ പറഞ്ഞു. ഞാനപ്പോൾ എന്തുമാത്രം ആനന്ദിച്ചു.

നിങ്ങൾക്കു് പത്രത്തിന്റെ ബിസിനസ്സുകാര്യത്തിൽമാത്രമായി ശ്രദ്ധ: മറ്റെല്ലാം ഞാൻ നോക്കിനടത്തിയിരുന്നു.

പത്രത്തിന്റെ സർക്കുലേഷനും വരവും വർദ്ധിക്കുകയായിരുന്നു.

അതിൽ നമ്മളൊരുമിച്ചാനന്ദിച്ചു.

മറ്റൊരുസ്ത്രീയെ ജീവിതത്തിലാദ്യമായി എന്റെ സഹോദരിയേപ്പോലെ സ്നേഹിച്ചു; നിങ്ങളുടെ ഭാര്യയെ. അവളൊരു ചിത്രശലഭംപോലെ പറന്നുനടക്കുമ്പോൾ ഞാനതുനോക്കി ആനന്ദിച്ചിരുന്നു. അപ്പോഴെങ്ങും എന്റെ ഹൃദയം അവളെ അണച്ചുപൂട്ടാൻവേണ്ടി കൊതിച്ചില്ല. അതെന്റെ വഴിത്തിരിവിന്റെ നാന്ദിയായി ഞാൻ വിചാരിച്ചു.

നിങ്ങൾ പത്രത്തിന്റെ കടലാസുകോട്ടാ അനുവദിച്ചുകിട്ടുന്ന കാര്യത്തിനായി ഡൽഹിക്കുപോയി.

ഞാൻ വീട്ടിൽ ഉണ്ണാൻ ചെന്നപ്പോൾ പതിവിലേറെ വിഭവങ്ങൾ കണ്ടു.

“എന്താ ഇന്നു പതിവില്ലാത്തതുപോലെ”

“ഇന്നെന്റെ പുറന്നാളാണ്”

“നേരത്തേ പറയാഞ്ഞതെന്താ?”

“നേരത്തേ അറിഞ്ഞിട്ടെന്തോ ചെയ്യാൻപോകുന്നു”



“എന്റനിയത്തിക്കു് പുറന്നാൾസമ്മാനവും വാങ്ങിക്കൊണ്ടു് വരുമായിരുന്നു”

“അതിനിനിയും സമയം കഴിഞ്ഞുപോയിട്ടില്ലല്ലോ. എന്താ എനിക്കു തരുന്നതു്?”

“എന്തുവേണം?”

“ഇഷ്ടമുള്ളതു തന്നാൽമതി”

“അമ്മിണിക്കെന്താണിഷ്ടം?”

“എനിക്കങ്ങനെ പ്രത്യേകിച്ചു് ഒന്നിനോടും ഇഷ്ടമില്ല”

“എന്നോടും ഇഷ്ടമില്ലേ”

“എന്നു ഞാൻ പറഞ്ഞോ?”

അവളതുപറയുമ്പോൾ നാണംകൊണ്ടു് തലകുനിക്കുന്നതുപോലെ തോന്നി. ഞാൻ പ്രത്യേകിച്ചൊന്നും ഉള്ളിൽ വച്ചുകൊണ്ടായിരുന്നില്ല അവളോടു സംസാരിച്ചിരുന്നതു്.

ഊണുകഴിഞ്ഞ് ഞങ്ങൾ വളരെനേരം ഇരുന്നു സംസാരിച്ചു. അവളുറങ്ങാനായി അടുത്തമുറിയിലേക്കു പോയി. നിങ്ങളുള്ളപ്പോൾ ചെയ്യുന്നതുപോലെ ഇടയ്ക്കുള്ള കതകവൾ അടച്ചില്ല.

ഞാൻ വിളിച്ചുപറഞ്ഞു.

“കതകടച്ചിട്ടു കിടക്കു്”

അതവൾ കേട്ടഭാവം നടിച്ചില്ല. എന്റെ മുറിയിലിരുന്നുകൊണ്ടു് അവൾ കിടക്കുന്നതു കാണാമായി

രുന്നു. എനിക്കെന്തോ വല്ലാത്ത അസ്വസ്ഥത ബാധിച്ചതുപോലെ തോന്നി.

ലൈറ്റണച്ചുകിടന്നു. കടുത്ത വേദനയനുഭവിക്കുന്നതുപോലെ അവൾ ഞരങ്ങുകയും മൂളുകയും ചെയ്യുന്നതു കേട്ടുകൊണ്ടാണ് മയക്കത്തിൽനിന്നും ഉണർന്നതു്. എഴുന്നേറ്റ് ലൈറ്റിട്ടു.

നിങ്ങൾ വീട്ടിലില്ലാതിരിക്കുമ്പോൾ അവൾക്കെന്തെങ്കിലും അസുഖം വന്നാൽ അതന്വേഷിക്കേണ്ടതു് എന്റെ ചുമതലയാണല്ലോ? ഞാനങ്ങോട്ടുചെന്നു.

"എന്താ?"

"തലവേദന"

"ഒരാസ്പ്രോ എടുത്തു തിന്നാൽമതി; അങ്ങുമാറും"

"വേണ്ടാ"

അവൾക്കു് വേദന മാറിയതുപോലെ തോന്നി. ഞാൻ കട്ടിലിൽകിടന്നല്പം കഴിഞ്ഞപ്പോൾ വീണ്ടും അവൾ കടുത്തവേദന അനുഭവിക്കുന്നതുപോലെ പുളഞ്ഞു. എഴുന്നേറ്റുചെന്നു ചോദിച്ചു:

"ആസ്പ്രോ ഒരെണ്ണം എടുത്തുതരട്ടെ?"

"വേണ്ടാ"

"കടുംകാപ്പിവേണോ?"

"വേണ്ടാ"

തലവേദന കൂടുതലാണോ എന്നറിയാൻവേണ്ടി ഞാനവളുടെ നെറ്റിയിൽ കൈവെച്ചു. അവളെന്റെ



കൈപിടിച്ചു് കണ്ണിൽവെച്ചു് നിർവൃതിയിലാണ്ടതുപോലെ കിടന്നു. ആ കൈ വലിച്ചെടുക്കുവാൻ എനിക്കപ്പോൾ തോന്നിയില്ല. കുനിഞ്ഞുനിന്നു് നടുകഴച്ചപ്പോൾ കട്ടിലിന്റെ അരുകിൽ അവളെ മുട്ടാതെ ഞാനിരുന്നു.

അവൾ കാലു് മടക്കിവെച്ചു. അപ്പോൾ തുടയിൽനിന്നും മുണ്ടു് ഊർന്നു് പൊയ്ക്കഴിഞ്ഞിരുന്നു. വെളുത്തുതുടുത്ത അവളുടെ തുടയിൽ അപരാധബോധത്തോടുകൂടിയാണെങ്കിലും എന്റെ കണ്ണുകൾ പാറിക്കളിച്ചു.

അവളെന്നെപിടിച്ചടുപ്പിക്കുകയായിരുന്നു. ഒരീറ്റപ്പുലിയേപ്പോലെ അവളെന്നെ കടന്നാക്രമിച്ചു. അതിഷ്ടപ്പെടുന്നവനേപ്പോലെ ഞാൻ വഴങ്ങിക്കൊടുത്തു.

അതു പാടില്ലാത്തതായിരുന്നു. ഇപ്പോൾ ഞാനതു മനസ്സിലാക്കുന്നു. നിങ്ങളുടെ വിളറിവെളുത്ത മുഖത്തെപ്പറ്റിയോർക്കുമ്പോൾ എന്റെ ഹൃദയം കദനക്കയത്തിലാണ്ടുപോകുന്നു.

അടുത്തദിവസം ഉച്ചയ്ക്കു് ഊണു് ആഫീസിലേക്കു കൊടുത്തയച്ചില്ല. നാലുമണിക്കു് പണിയൊതുക്കിയിട്ടുവന്നു് ഊണുകഴിച്ചപ്പോഴേക്കും ഞാൻ തളർന്നു് കിടന്നുപോയി. അതു കാത്തിരുന്നവളേപ്പോലെ അവളെന്റകൂടെക്കയറി കിടന്നു.

ഇന്നലെ അങ്ങനെ ഞങ്ങൾ കിടക്കുമ്പോഴാണ് നിങ്ങൾ കയറിവന്നതു്. നിങ്ങളുടെ മുഖത്തുനോക്കാൻ എനിക്കു കഴിഞ്ഞില്ല. കടുത്തതെന്തോ സംഭവിക്കാൻപോകുന്നതും പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ കാത്തുനിന്നു.

ഒന്നും സംഭവിച്ചില്ല. വിളറിവെളുത്ത നിങ്ങളുടെ മുഖം മാത്രം എനിക്കു കാണാൻകഴിഞ്ഞു.

ജീവച്ഛവംപോലെ മുറിയിൽനിന്നും വെളിയിലിറങ്ങുന്ന എന്നെ നിങ്ങൾ അടിച്ചുവീഴ്ത്തുമെന്നു ഞാൻ കരുതി. അതുണ്ടായില്ല. നിങ്ങൾ ചോദിച്ചു.

“എവിടെപ്പോകുന്നു?”

“നാട്ടിലേക്കു്”

“വണ്ടിക്കൂലിക്കു് പണമുണ്ടോ?”

“...............”

പത്തുരൂപായുടെ ഒരു നോട്ടു് നിങ്ങളെൻെറ കയ്യിൽ വച്ചുതരുമ്പോൾ സുഹൃത്തെ, എന്നെ നിങ്ങൾ കഠാരികൊണ്ടു് കുത്തുകയായിരുന്നു. കുത്തിക്കൊല്ലുകയായിരുന്നു.

ആ കുത്തേററ് രക്തമൊലിപ്പിച്ചുകൊണ്ടാണ് ഞാൻ ട്രയിനിൽ കയറിയതു്. ഈ മുറിവു് ഉണങ്ങുന്നില്ല. എത്ര ശ്രമിച്ചിട്ടും രക്തം വാർന്നുകൊണ്ടേയിരിക്കുന്നു. ഇതെൻെറ മരണത്തിൻെറ തുടക്കമാണോ? ഞാൻ ഭയപ്പെടുന്നില്ല. എത്രയുംവേഗം അതിനോടടുക്കുവാനാണാഗ്രഹിക്കുന്നതു്.

നടന്നുനീങ്ങുന്ന വഴിത്താരയിൽ അഴുക്കു നിറഞ്ഞു കിടക്കുന്നു. ഇതു് അഴുക്കുചാലാണു്.

ഇതിൽക്കൂടിയാണു നടക്കുന്നതു്. നടക്കാനാഗ്രഹിക്കുന്നതു്. എനിക്കിനി മററൊരുവഴി നടക്കാൻ കഴിയില്ല. ഞാനങ്ങനെ വിശ്വസിക്കുന്നു. അതൊരിക്കൽക്കൂടി ബോദ്ധ്യപ്പെട്ടിരിക്കുന്നു,



എനിക്കുമാത്രമല്ല.

നിങ്ങൾക്കും.

ഇപ്പോൾ നിങ്ങൾക്കു് മനസ്സിലാകുന്നുണ്ടാവും; എൻെറ വഴിയേപ്പററി. എൻെറ ജീവിതപുഷ്പത്തിൽ വിരിയുന്ന ഇതളുകൾക്കു് ഇനിയൊരിക്കലും സുഗന്ധംവയ്ക്കാൻപോകുന്നില്ലെന്നും നിങ്ങൾക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടാവും.

അതു് ഒരുവേരൻെറ പൂവാണു്.

‘മണമില്ലാത്ത,

നിറമില്ലാത്ത,

ഗുണമില്ലാത്ത,

ഒരുവേരൻെറ പൂവു്.

അല്പമൊന്നാലോചിക്കൂ സുഹൃത്തേ. അതെന്തുകൊണ്ടാണു്? ദുർഗ്ഗന്ധം വമിക്കുന്ന ആ പൂക്കളെ പൂർണ്ണമായും കുററംപറയാൻ കഴിയുമോ? അതിനുചുററും കുത്തിയിരുന്നു വിസർജ്ജനംനടത്തുന്ന ജന്തുക്കൾക്കു് ആ ദുർഗ്ഗന്ധത്തിൽ ഒരു പങ്കുമില്ലേ?

32,3/32 K4
NVK